Published on 14-02-18

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 103

# 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 103

# 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ

218/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 103

# 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ

കേരള സംസ്ഥാനത്തെ അർബൻ മൊബിലിറ്റി പ്രദേശങ്ങളിലെ നഗരഗതാഗതത്തിന്റെ ആസൂത്രണം, മേൽനോട്ടം, ഏകോപനം, വികസനം, നിയന്ത്രണം എന്നിവയ്ക്കും അർബൻ മൊബിലിറ്റി പ്രദേശങ്ങളിലുള്ള നഗരഗതാഗത അനുബന്ധ സേവനങ്ങൾക്കുംവേണ്ടി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ അർബൻ മൊബിലിറ്റി പ്രദേശങ്ങളിലെ നഗരഗതാഗതത്തിന്റെ ആസൂത്രണം , മേൽനോട്ടം, ഏകോപനം, വികസനം, നിയന്ത്രണം എന്നിവയ്ക്കും അർബൻ മൊബിലിറ്റി പ്രദേശങ്ങളിലുള്ള നഗരഗതാഗത അനുബന്ധസേവനങ്ങൾക്കും വേണ്ടി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ രൂപീകരിക്കുന്നതിലേക്ക് വ്യവസ്ഥചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റിന് 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത്, സംസ്ഥാന സർക്കാർ, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിച്ചേക്കാവുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അതോറിറ്റി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി എന്നർത്ഥമാകുന്നു;

(ബി) "അഗ്രഗേറ്റർ" എന്നാൽ ഒരു യാത്രക്കാരന്റെയോ ഒരു കൂട്ടം യാത്രക്കാരുടെയോ ഗതാഗത ആവശ്യങ്ങൾക്കായി ഒരു ട്രാൻസ്പോർട്ട് വാഹനത്തിന്റെ ഡ്രൈവറുമായി ആ യാത്രക്കാരനെയോ ഒരു കൂട്ടം യാത്രക്കാരെയോ ബന്ധിപ്പിക്കുന്നതിനുള്ള, ഡിജിറ്റലോ അല്ലാതെയോ ഉള്ള, ഒരു മദ്ധ്യസ്ഥൻ അല്ലെങ്കിൽ വിപണിസ്ഥലം എന്നർത്ഥമാകുന്നു;

(സി) "കേന്ദ്രസർക്കാർ" എന്നാൽ ഭാരത സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "ചെയർപേഴ്സൺ" എന്നാൽ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട, ഒരു അതോറിറ്റിയുടെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഇ) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ " എന്നാൽ 8-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(എഫ്) "സമഗ്ര മൊബിലിറ്റി പ്ലാൻ" എന്നാൽ അർബൻ മൊബിലിറ്റി പ്രദേശത്തിന് വേണ്ടിയുള്ളതും അങ്ങനെയുള്ള അർബൻ മൊബിലിറ്റി പ്രദേശത്തിനു വേണ്ടിയുള്ള പ്രദേശ വികസന പദ്ധതിയുമായി യോജിച്ചു പോകുന്ന മൊബിലിറ്റി പ്ലാനിനെ സൂചിപ്പിക്കുന്നതും അങ്ങനെയുള്ള അർബൻ മൊബിലിറ്റി പ്രദേശത്ത് ജനങ്ങളുടെ യാത്രയും ചരക്കുകളുടെ നീക്കവും പരമാവധി ഉറപ്പാക്കുന്നതിനുള്ള ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി, മറ്റുപലതിന്റെയും കൂട്ടത്തിൽ, തന്ത്രങ്ങളും പ്രവർത്തനങ്ങളും വിവരിക്കുന്നതും സുരക്ഷിതവും സുസ്ഥിരവും ഫലപ്രദവും ശരിയായി ഏകോപിപ്പിക്കുന്നതുമായ നഗരഗതാഗതത്തിന് വ്യവസ്ഥ ചെയ്യുന്നതുമായ 13-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമുള്ള പദ്ധതിരേഖ എന്നർത്ഥമാകുന്നു;

(ജി) "നിധി" എന്നാൽ 18-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു നഗര ഗതാഗത നിധി എന്നർത്ഥമാകുന്നു;

(എച്ച്) "അംഗം" എന്നാൽ അതോറിറ്റിയിലെ ഒരു അംഗം എന്നർത്ഥമാകുന്നു;

(ഐ) "റെഗുലേഷനുകൾ " എന്നാൽ ഈ ആക്റ്റിൻ കീഴിൽ അതോറിറ്റി ഉണ്ടാക്കിയ റെഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ജെ) "ചട്ടങ്ങൾ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ സംസ്ഥാന സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(കെ) "പട്ടിക" എന്നാൽ ഈ ആക്റ്റിലെ ഒരു പട്ടിക എന്നർത്ഥമാകുന്നു;

(എൽ) "സംസ്ഥാന സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എം) "ഗതാഗത നിക്ഷേപ പദ്ധതി " എന്നാൽ ഒരു അർബൻ മൊബിലിറ്റി പ്രദേശത്തിനുവേണ്ടിയുള്ള നഗരഗതാഗതത്തിന്റെയും നഗരഗതാഗത അനുബന്ധ സേവനങ്ങളുടെയും വികസനത്തിനുവേണ്ടിയുള്ള വിശദമായ ഒരു ബഹുവർഷ നിക്ഷേപ പദ്ധതി എന്നർത്ഥമാകുന്നു;

(എൻ) "അർബൻ മൊബിലിറ്റി പ്രദേശം" എന്നാൽ 11-ാം വകുപ്പിൽ വിശദീകരിച്ച പ്രകാരമുള്ള പ്രദേശം എന്നർത്ഥമാകുന്നു;

(ഒ) "നഗരഗതാഗതം" എന്നതിൽ അർബൻ മൊബിലിറ്റി പ്രദേശങ്ങളിലെ ജനത്തിന് ലഭ്യമായിട്ടുള്ള, പട്ടിക I-ൽ വിവരിച്ച വിവിധ രീതികളിലുള്ള ഗതാഗതം ഉൾപ്പെടുന്നതാകുന്നു;

(പി) "നഗരഗതാഗത അനുബന്ധ സേവനങ്ങൾ" എന്നാൽ ഒരു ആധുനിക സംയോജിത നഗരഗതാഗത സംവിധാനം നടത്തുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ എല്ലാ അനുബന്ധ സേവനങ്ങളും എന്നർത്ഥമാകുന്നതും അതിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടിക II-ൽ വിവരിച്ചിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുന്നതുമാകുന്നു.

## അദ്ധ്യായം II

## മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി

3. മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ രൂപീകരണം.—(1) സംസ്ഥാന സർക്കാരിന്, 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ളതോ 11-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടതോ ആയ ഓരോ അർബൻ മൊബിലിറ്റി പ്രദേശത്തിനുംവേണ്ടി, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനംവഴി, അങ്ങനെയുള്ള അർബൻ മൊബിലിറ്റി പ്രദേശത്തിന്റെ കീഴിൽവരുന്ന ഒരു മുഖ്യ പ്രദേശത്തിന്റെ പേര് ആദ്യം ചേർത്തുകൊണ്ട് 'മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി' എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) അതോറിറ്റി ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും, കരാറുകളിൽ ഏർപ്പെടുന്നതിനും സ്ഥാവര ജംഗമ സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശംവയ്ക്കുന്നതിനും കൈയൊഴിക്കുന്നതിനും ഉള്ള അധികാരത്തോടുകൂടിയതുമായ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ചെയർപേഴ്സൺ, അദ്ദേഹം സംസ്ഥാന സർക്കാർ നിയമിക്കുന്ന, സംസ്ഥാന സർക്കാരിന്റെ ഒരു സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനോ അംഗമോ ആയിരിക്കേണ്ടതാണ്;

(ബി) സംസ്ഥാന സർക്കാരിന്റെ ഗതാഗത വകുപ്പ് സെക്രട്ടറി-എക്സ് ഒഫീഷ്യോ;

(സി) സംസ്ഥാന സർക്കാരിന്റെ ധനകാര്യ വകുപ്പ് സെക്രട്ടറി-എക്സ് ഒഫീഷ്യോ;

(ഡി) സംസ്ഥാന സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി-എക്സ് ഒഫീഷ്യോ;

(ഇ) കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ-എക്സ് ഒഫീഷ്യോ;

(എഫ്) കേരള സർക്കാരിന്റെ ട്രാൻസ്പോർട്ട് കമ്മീഷണർ-എക്സ് ഒഫീഷ്യോ;

(ജി) അർബൻ മൊബിലിറ്റി പ്രദേശം ഉൾപ്പെടുന്ന ജില്ലയുടെ ജില്ലാ കളക്ടർ-എക്സ് ഒഫീഷ്യോ;

(എച്ച്) അർബൻ മൊബിലിറ്റി പ്രദേശത്തെ മുനിസിപ്പൽ കോർപ്പറേഷനുകളുടെ അല്ലെങ്കിൽ മുനിസിപ്പാലിറ്റികളുടെ സെക്രട്ടറിമാർ- എക്സ് ഒഫീഷ്യോ;

(ഐ) ബന്ധപ്പെട്ട സിറ്റി പോലീസ് കമ്മീഷണർ- എക്സ് ഒഫീഷ്യോ;

(ജെ) അർബൻ മൊബിലിറ്റി പ്രദേശത്തെ ബന്ധപ്പെട്ട മാസ് റാപിഡ് ട്രാൻസിറ്റ് സിസ്റ്റത്തിന്റെ മാനേജിംഗ് ഡയറക്ടർ;

(കെ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ഗതാഗത എഞ്ചിനീയറിങ്, നഗരഗതാഗത ആസൂത്രണം, അർബൻ ട്രാൻസ്പോർട്ട് ഓപ്പറേഷൻസ്, കോർപ്പറേറ്റ് ഗവേണൻസ്, ധനകാര്യം അല്ലെങ്കിൽ നിയമം എന്നീ മേഖലകളിൽ ഏതിലെങ്കിലും നിന്നുള്ള നാല് വിദഗ്ദ്ധർ;

(എൽ) അതത് മെട്രോ പോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

4. <u>അംഗങ്ങൾക്ക് ചില താല്പര്യങ്ങൾ ഉണ്ടാകരുതെന്ന്</u>.—അതോറിറ്റിയിലെ യാതൊരു അംഗത്തിനും സ്വന്തം പേരിലോ മറ്റുവിധത്തിലോ, നഗരഗതാഗതത്തിന്റെയോ നഗര ഗതാഗത അനുബന്ധ സേവനങ്ങളുടെയോ വ്യാപാരത്തിൽ ഏർപ്പെട്ടിട്ടുള്ള യാതൊരു കമ്പനിയിലോ ഏകാംഗീകൃത നികായത്തിലോ ആളുകളുടെ ഒരു സംഘത്തിലോ (ഏകാംഗീകരിച്ചത് ആയാലും അല്ലെങ്കിലും) ഒരു പങ്കാളിത്ത സ്ഥാപനത്തിലോ യാതൊരു ഓഹരിയോ താല്പര്യമോ ഉണ്ടായിരിക്കാൻ പാടുള്ളതല്ല.

5. <u>ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും</u>.—(1) ചെയർപേഴ്സന്റെയോ മറ്റ് അംഗങ്ങളുടെയോ ഔദ്യോഗിക കാലാവധി, നൽകേണ്ടതായ ശമ്പളം അഥവാ ബത്തകൾ, മറ്റ് സേവന വ്യവസ്ഥകൾ എന്നിവ, അതത് സംഗതിപോലെ, ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(2) ചെയർപേഴ്സന്റെ ഔദ്യോഗിക സ്ഥാനത്ത് അദ്ദേഹത്തിന്റെ വിരമിക്കൽ, രാജിവയ്ക്കൽ, നീക്കം ചെയ്യൽ, മരണം അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താൽ ഒഴിവുവരുന്ന സംഗതിയിൽ സംസ്ഥാന സർക്കാർ സ്ഥാനനിർദ്ദേശം ചെയ്യുന്ന ഒരംഗം, പുതിയ ചെയർപേഴ്സൺ നിയമിക്കപ്പെടുന്നതുവരെ ചെയർപേഴ്സൺ ആയി പ്രവർത്തിക്കേണ്ടതാണ്.

(3) ചെയർപേഴ്സന് തന്റെ അസാന്നിദ്ധ്യം, രോഗം അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താൽ ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയാതെ വരുന്ന സംഗതിയിൽ സംസ്ഥാനസർക്കാർ സ്ഥാനനിർദ്ദേശം ചെയ്യുന്ന ഒരംഗം, ചെയർപേഴ്സൺ അദ്ദേഹത്തിന്റെ ചുമതലകളിൽ വീണ്ടും പ്രവേശിക്കുന്നതുവരെ ചെയർപേഴ്സന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

(4) ചെയർപേഴ്സനോ ഏതെങ്കിലും അംഗമോ, അങ്ങനെയുള്ള ഔദ്യോഗികസ്ഥാനം അവസാനിച്ചുകഴിഞ്ഞാൽ നഗരഗതാഗതത്തിന്റെയോ

നഗരഗതാഗത അനുബന്ധ സേവനങ്ങളുടെയോ വാണിജ്യ വ്യാപാരങ്ങളിൽ ഏർപ്പെട്ടിട്ടുള്ള യാതൊരാളെയും യാതൊരു വിധത്തിലും അതോറിറ്റി മുൻപാകെ പ്രതിനിധീകരിക്കുവാൻ പാടുള്ളതല്ല.

6. <u>അംഗങ്ങളുടെ രാജി, നീക്കം ചെയ്യൽ അല്ലെങ്കിൽ സസ്പെൻഷൻ</u>—(1) എക്സ് ഒഫീഷ്യോ അംഗം ഒഴികെയുള്ള ഏതൊരു അംഗത്തിനും സംസ്ഥാന സർക്കാരിനെ അഭിസംബോധന ചെയ്ത് സ്വന്തം കൈപ്പടയിൽ രേഖാമൂലം അറിയിപ്പ് നൽകിക്കൊണ്ട് അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം രാജി വയ്ക്കാവുന്നതാണ്:

എന്നാൽ, തന്റെ രാജിയ്ക്കുള്ള നോട്ടീസ് നൽകിയ ഒരു അംഗം, അദ്ദേഹത്തിന്റെ രാജി സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതുവരെ ഔദ്യോഗികസ്ഥാനത്ത് തുടരേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന സർക്കാർ നിയമിച്ചതോ സ്ഥാനനിർദ്ദേശം ചെയ്തതോ ആയ ചെയർപേഴ്സണെയോ അല്ലെങ്കിൽ മറ്റേതെങ്കിലും അംഗത്തെയോ, അതത് സംഗതിപോലെ, അങ്ങനെയുള്ള ചെയർപേഴ്സൺ അല്ലെങ്കിൽ അംഗം,—

(എ) നിലവിൽ അല്ലെങ്കിൽ എപ്പോഴെങ്കിലും, ഒരു അവിമുക്ത നിർദ്ധനൻ ആയി വിധിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) സംസ്ഥാന സർക്കാരിന്റെ അഭിപ്രായത്തിൽ, സാന്മാർഗ്ഗികദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയോ; അല്ലെങ്കിൽ

(സി) അയാൾ തൽസ്ഥാനത്ത് തുടരുന്നത് പൊതുതാല്പര്യത്തിന് ഹാനികരമാകത്തക്കവിധം അയാളുടെ പദവി ദുരുപയോഗം ചെയ്യുകയോ; അല്ലെങ്കിൽ

(ഡി) ചെയർപേഴ്സണായോ അംഗമായോ പ്രവർത്തിക്കുന്നതിന് ശാരീരികമായോ മാനസികമായോ കഴിവില്ലാതായിത്തീരുകയോ, ചെയ്യുന്നപക്ഷം, അദ്ദേഹത്തെ സംസ്ഥാന സർക്കാരിന്, ഉത്തരവ് വഴി, ഔദ്യോഗികസ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഇതിലേക്കായി ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള നടപടിക്രമങ്ങൾക്കനുസൃതമായി ഒരു അന്വേഷണം നടത്തുകയും ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ സ്ഥാനത്തു നിന്നും നീക്കം ചെയ്യപ്പെടാൻ ഉദ്ദേശിക്കുന്ന ആളുടെ വാദം കേൾക്കുന്നതിന് ന്യായമായ ഒരവസരം നൽകുകയും ചെയ്തശേഷം, അങ്ങനെയുള്ള ആളെ അങ്ങനെയുള്ള കാരണങ്ങളിൻമേൽ അങ്ങനെയുള്ള ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യേണ്ടതാണെന്ന് സംസ്ഥാന

സർക്കാരിന് ബോദ്ധ്യമായിട്ടല്ലാതെ, (സി) ഖണ്ഡത്തിൻകീഴിൽ യാതൊരു ചെയർപേഴ്സണെയോ അംഗത്തെയോ, ഔദ്യോഗികസ്ഥാനത്തു നിന്നും നീക്കം ചെയ്യുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, അങ്ങനെയുള്ള ചെയർപേഴ്സണെയോ അംഗത്തെയോ അങ്ങനെയുള്ള അന്വേഷണ കാലയളവിൽ സംസ്ഥാനസർക്കാരിന് സസ്പെന്റ് ചെയ്യാവുന്നതാണ്.

(3) നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തിന്റെ സ്ഥാനത്ത് മരണം, രാജിവയ്ക്കൽ, നീക്കംചെയ്യൽ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താൽ ഒരു ആകസ്മിക ഒഴിവുണ്ടാകുകയാണെങ്കിൽ, അങ്ങനെയുള്ള ഒഴിവ്, സംസ്ഥാനസർക്കാർ, കഴിയുന്നത്ര വേഗം, നികത്തേണ്ടതും അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗം, ആരുടെ സ്ഥാനത്തേക്കാണോ അദ്ദേഹം ഒരു അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്നത് അയാളുടെ ഔദ്യോഗിക കാലാവധിയിലെ ശേഷിക്കുന്ന കാലയളവിലേക്കു മാത്രം ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതുമാണ്.

7. <u>ചെയർപേഴ്സന്റെ അധികാരങ്ങൾ</u>.—ചെയർപേഴ്സന്, അതോറിറ്റിയുടെ ഭരണപരമായ എല്ലാ കാര്യങ്ങളും സംബന്ധിച്ച് പൊതുവായ മേൽനോട്ടം, കാര്യനിർവ്വഹണം, നിയന്ത്രണം എന്നിവയ്ക്കുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, ചെയർപേഴ്സന്, അതോറിറ്റിയുടെ ഭരണപരമായ കാര്യങ്ങൾ സംബന്ധിച്ച അദ്ദേഹത്തിന്റെ അങ്ങനെയുള്ള അധികാരങ്ങൾ, അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന വിധത്തിൽ, മറ്റേതെങ്കിലും അംഗത്തിനോ അതോറിറ്റിയുടെ ഉദ്യോഗസ്ഥനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

8. <u>അതോറിറ്റിയുടെ ഉദ്യോഗസ്ഥരും ജീവനക്കാരും</u>.—(1) അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി, സംസ്ഥാന സർക്കാർ, റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള യോഗ്യതകളോടുകൂടിയ ഒരാളെ അങ്ങനെയുള്ള നിബന്ധനകളിൻമേലും വ്യവസ്ഥകളിൻമേലും ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, നിയമിക്കേണ്ടതാണ്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അതോറിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള പൊതുവായ ഭരണനിർവ്വഹണത്തിനും അല്ലെങ്കിൽ ചെയർപേഴ്സണോ അതോറിറ്റിയോ ഏൽപ്പിച്ചു കൊടുക്കാവുന്ന മറ്റേതെങ്കിലും കാര്യത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

(2) അതോറിറ്റി, റെഗുലേഷനുകൾവഴി വ്യക്തമാക്കിയിട്ടുള്ള നടപടി ക്രമങ്ങൾക്കും വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അനുസൃതമായി അതിന്

ആവശ്യമുള്ളത്ര എണ്ണം ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ, പ്രൊഫഷണലുകൾ, സഹായക ജീവനക്കാർ എന്നിവരെ നിയമിക്കാവുന്നതാണ്. അങ്ങനെയുള്ള ഉദ്യോഗസ്ഥർക്കോ വിദഗ്ദ്ധർക്കോ പ്രൊഫഷണലുകൾക്കോ അതോറിറ്റിയെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ സഹായിക്കുന്നതിന് ആവശ്യമായി വരുന്ന പ്രകാരം ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിങ്, നഗരാസൂത്രണം, നിയമം, ബിസിനസ്സ് അല്ലെങ്കിൽ നഗരഗതാഗതവുമായി ബന്ധപ്പെട്ട അങ്ങനെയുള്ള മറ്റു വിഷയങ്ങളിൽ അല്ലെങ്കിൽ മറ്റു വിജ്ഞാനശാഖകളിൽ പ്രത്യേകമായ അറിവും അനുഭവജ്ഞാനവും ഉണ്ടായിരിക്കേണ്ടതാണ്.

(3) ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകൾ യഥാവിധി ഉചിതമായി നിർവ്വഹിക്കുന്നതിനായി, അതോറിറ്റിക്ക്, ആവശ്യമെന്ന് അത് കരുതുന്ന പ്രകാരം, സംസ്ഥാന സർക്കാരിന്റെ സമ്മതത്തോടുകൂടി, അതതുസമയങ്ങളിൽ കരാറടിസ്ഥാനത്തിൽ അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരെയോ വിദഗ്ദ്ധോപദേശകരെയോ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന മേഖലകളിലുള്ള വിദഗ്ദ്ധരുടെ സംഘടനയെയോ ജോലിക്ക് നിയോഗിക്കാവുന്നതാണ്.

(4) അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും മറ്റ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും മറ്റ് സേവനവ്യവസ്ഥകളും ഉപാധികളും റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള സേവന വ്യവസ്ഥകളാൽ നിയന്ത്രിക്കപ്പെടേണ്ടതാണ്.

9. <u>അതോറിറ്റിയുടെ യോഗങ്ങൾ</u>.—(1) അതോറിറ്റി, റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ നടത്തേണ്ടുന്ന കാര്യനിർവ്വഹണം സംബന്ധിച്ച അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും, അങ്ങനെയുള്ള ഒരു യോഗമെങ്കിലും മൂന്ന് മാസത്തിലൊരിക്കൽ ചേരേണ്ടതുമാണ്. അതോറിറ്റിയുടെ ഒരു യോഗത്തിനാവശ്യമായ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കേണ്ടതാണ്.

(2) അതോറിറ്റിയുടെ യോഗങ്ങളിൽ ചെയർപേഴ്സൺ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) അതോറിറ്റിയുടെ ഏതെങ്കിലും യോഗത്തിൽ എന്തെങ്കിലും കാരണത്താൽ ചെയർപേഴ്സണ് ഹാജരാകാൻ കഴിയാതെ വരുന്ന സംഗതിയിൽ യോഗത്തിൽ ഹാജരായിട്ടുള്ള മറ്റ് അംഗങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു അംഗം യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) അതോറിറ്റിയുടെ ഏതെങ്കിലും യോഗത്തിനുമുൻപാകെ വരുന്ന എല്ലാ വിഷയങ്ങളും, ഹാജരായി വോട്ടുചെയ്തിട്ടുള്ള അംഗങ്ങളുടെ വോട്ടുകളുടെ ഭൂരിപക്ഷത്തിൽ തീരുമാനിക്കേണ്ടതും, വോട്ടുകളുടെ തുല്യത വരുന്ന സംഗതിയിൽ, ചെയർപേഴ്സന്, അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ, ആദ്ധ്യക്ഷ്യം വഹിക്കുന്ന ആളിന്, ഒരു കാസ്റ്റിംഗ് വോട്ട് ഉണ്ടായിരിക്കുന്നതുമാണ്.

(5) യോഗത്തിൽ തീരുമാനമെടുക്കേണ്ട ഏതെങ്കിലും കാര്യത്തിൽ നേരിട്ടോ, നേരിട്ടല്ലാതെയോ വ്യക്തിപരമായോ ഏതെങ്കിലും വിധത്തിൽ താല്പര്യമുള്ള ഏതൊരു അംഗവും അയാളുടെ താല്പര്യത്തിന്റെ സ്വഭാവം വെളിപ്പെടുത്തേണ്ടതും അങ്ങനെ വെളിപ്പെടുത്തിയതിനുശേഷം അങ്ങനെ താല്പര്യമുളള അംഗം അക്കാര്യത്തിലുള്ള ചർച്ചകളിലോ വോട്ടെടുപ്പിലോ പങ്കെടുക്കുവാൻ പാടില്ലാത്തതുമാകുന്നു.

(6) അതോറിറ്റിയുടെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ ഇതിലേക്കായി ചെയർപേഴ്സൺ യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള അതോറിറ്റിയുടെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ പ്രമാണീകരിക്കേണ്ടതാണ്.

(7) അംഗത്വത്തിൽ ഏതെങ്കിലും ഒഴിവോ അതിന്റെ ഘടനയിൽ ഏതെങ്കിലും ന്യൂനതയോ ഉണ്ടായിരുന്നാലും അതോറിറ്റിയുടെ നടപടികൾ സാധുവായിരിക്കുന്നതാണ്.

10. <u>അതോറിറ്റിക്ക് സമിതികൾ രൂപീകരിക്കാമെന്ന്</u>.—(1) അതോറിറ്റിക്ക്, അതത് സമയങ്ങളിൽ, അത് യുക്തമെന്ന് കരുതുന്ന അത്രയും അംഗങ്ങൾ അടങ്ങുന്ന സമിതികളെ നിയമിക്കാവുന്നതും ഏതെങ്കിലും വിദഗ്ദ്ധരുടെ സഹായമോ ഉപദേശമോ അതിന് ആവശ്യമാണെന്ന് വന്നാൽ അങ്ങനെയുള്ള വിദഗ്ദ്ധരെ അങ്ങനെയുള്ള രീതിയിലും ആവശ്യമായ അങ്ങനെയുള്ള കാലയളവിലേക്കും അങ്ങനെയുള്ള സമിതികളുമായി സഹകരിപ്പിക്കാവുന്നതും ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയം അന്വേഷണത്തിനും റിപ്പോർട്ടിനുമായി അങ്ങനെയുള്ള സമിതികൾക്ക് റഫർ ചെയ്യാവുന്നതുമാണ്.

(2) അതോറിറ്റിക്ക്, ആവശ്യമായി വരുന്ന പ്രകാരം, വിദഗ്ദ്ധരുടെ ഒരു സമിതിയെ നിയമിക്കാവുന്നതും ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിഷയവും അന്വേഷണത്തിനും റിപ്പോർട്ടിനുമായി അങ്ങനെയുള്ള സമിതികൾക്ക് റഫർ ചെയ്യാവുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം സമിതിയുമായി സഹകരിച്ചു പ്രവർത്തിക്കുന്ന ആളുകൾക്ക് അല്ലെങ്കിൽ (2)-ാം ഉപവകുപ്പ് പ്രകാരം സമിതിയുടെ അംഗങ്ങളായി

നിയമിക്കപ്പെടുന്നവർക്ക് സമിതിയുടെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് അതോറിറ്റി തീരുമാനിക്കാവുന്ന പ്രകാരമുള്ള ബത്തകളോ ഫീസോ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം നിയമിക്കപ്പെടുന്ന ഓരോ സമിതിയും അതിന് അതോറിറ്റി അതതുസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതും അപ്രകാരം നിയമിക്കപ്പെട്ട ഏതൊരു സമിതിയുടെയും ഘടന ഏതു . സമയത്തും അതോറിറ്റിക്ക് മാറ്റാവുന്നതും അല്ലെങ്കിൽ അങ്ങനെയുള്ള ഏതൊരു നിയമനവും റദ്ദാക്കാവുന്നതുമാണ്. (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സമിതിയുടെ ചെയർമാനായി അംഗങ്ങളിൽ ഏതെങ്കിലും ഒരാളെയും (2)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സമിതിയുടെ ചെയർമാനായി ഏതെങ്കിലും ഒരു വിദഗ്ദ്ധനെയും അതോറിറ്റി നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(5) സമിതികൾ പാലിക്കേണ്ട നടപടിക്രമവും സമിതികളുമായി ബന്ധപ്പെട്ട മറ്റെല്ലാകാര്യങ്ങളും റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

## അദ്ധ്യായം III

## അർബൻ മൊബിലിറ്റി പ്രദേശങ്ങൾ പ്രഖ്യാപിക്കൽ

11. <u>അർബൻ മൊബിലിറ്റി പ്രദേശങ്ങൾ പ്രഖ്യാപിക്കലും അവയുടെ അതിരുകൾ വ്യത്യാസപ്പെടുത്തലും</u>.—(1) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളുടെ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ പ്രദേശങ്ങൾ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ അർബൻ മൊബിലിറ്റി പ്രദേശമായിരിക്കുന്നതാണ്.

(2) സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, മറ്റേതൊരു പ്രദേശത്തെയും അതിന്റെ പ്രാദേശിക അതിരുകൾ വ്യക്തമാക്കിക്കൊണ്ട് അർബൻ മൊബിലിറ്റി പ്രദേശമായി പ്രഖ്യാപിക്കാവുന്നതാണ്.

(3) യാതൊരു മിലിട്ടറി കന്റോൺമെന്റോ മിലിട്ടറി ആവശ്യങ്ങൾക്കോ പ്രതിരോധ ആവശ്യങ്ങൾക്കോ വേണ്ടിവരുന്ന അതിന്റെ പ്രദേശത്തിന്റെ ഏതെങ്കിലും ഭാഗമോ വിജ്ഞാപനം ചെയ്യപ്പെട്ട ഒരു പ്രത്യേക സാമ്പത്തിക മേഖലയുടെ അതിർത്തികൾക്കുള്ളിലുള്ള പ്രദേശങ്ങളോ കേന്ദ്രസർക്കാരിന്റെ അനുമതിയില്ലാതെ ഒരു അർബൻ മൊബിലിറ്റി പ്രദേശത്തിൽ ഉൾപ്പെടുന്നതോ ഉൾപ്പെടുത്താൻ പാടുള്ളതോ അല്ല.

(4) ഈ വകുപ്പിൻകീഴിലുള്ള ഏതൊരു അർബൻ മൊബിലിറ്റി പ്രദേശത്തിന്റെയും അതിരുകളും പ്രദേശവും കാണിക്കുന്ന ഒരു ഭൂപടം അതത് അർബൻ മൊബിലിറ്റി പ്രദേശത്ത് കൂടുതൽ പ്രചാരണമുള്ള, കുറഞ്ഞപക്ഷം രണ്ട് ഇംഗ്ലീഷ് ദിനപ്പത്രങ്ങളിലും രണ്ട് പ്രാദേശിക ദിനപ്പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തേണ്ടതും അങ്ങനെയുള്ള അർബൻ മൊബിലിറ്റി പ്രദേശത്ത് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ പ്രചാരണം ചെയ്യേണ്ടതുമാണ്.

## അദ്ധ്യായം VI

## അതോറിറ്റിയുടെ കർത്തവ്യങ്ങളും ചുമതലകളും അധികാരങ്ങളും

12. <u>അതോറിറ്റിയുടെ കർത്തവ്യങ്ങളും ചുമതലകളും</u>—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അതോറിറ്റി താഴെ പറയുന്ന കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുകയോ നിർവ്വഹിപ്പിക്കുകയോ ചെയ്യേണ്ടതാണ്, അതായത്:—

(എ) ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുമായി കൂടിയാലോചിച്ച്, അതോറിറ്റി അതിന് യുക്തമെന്ന് കരുതുന്ന കാലയളവിലേക്ക് ബാധകമായ പ്രദേശവികസന പ്ലാനുമായി സംയോജിപ്പിച്ചുകൊണ്ട്, നഗരഗതാഗതം ഉൾപ്പെടുന്നതും എന്നാൽ അതിൽ പരിമിതപ്പെടുത്താതെയും, അർബൻ മൊബിലിറ്റി പ്രദേശങ്ങൾക്കുള്ളിലെ മോട്ടോർ ഇതര ഗതാഗതത്തിനായി ഈ ആക്റ്റിന്റെ 13-ാം വകുപ്പിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം സമഗ്ര മൊബിലിറ്റി പ്ലാൻ തയ്യാറാക്കുകയും നിരന്തരമായ ഭൂവിനിയോഗത്തിന്റെയും ഗതാഗത ആസൂത്രണത്തിന്റെയും സമന്വയം ഉറപ്പുവരുത്തുന്നതിനായി അഞ്ചുവർഷത്തിൽ കവിയാത്ത ഇടവേളകളിൽ അങ്ങനെയുള്ള പ്ലാനുകൾ പുതുക്കുകയും ചെയ്യുക;

(ബി) ഒരു ഗതാഗത നിക്ഷേപപദ്ധതി തയ്യാറാക്കുക;

(സി) നഗരഗതാഗതവുമായും നഗരഗതാഗത അനുബന്ധ സേവനങ്ങളുമായും ബന്ധപ്പെട്ട ധനരൂപീകരണം, നിർമ്മാണം, നടത്തിപ്പ് എന്നിവയ്ക്ക് വേണ്ടിയുള്ള ആസൂത്രണം;

(ഡി) ഇടതടവില്ലാത്ത ഗതാഗത പ്രവേശനത്തിനുൾപ്പെടെ, നഗരഗതാഗതത്തിനുള്ള സമഗ്രമായ സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും അഭിവൃദ്ധിയും വികസനവും നിയന്ത്രണവും;

(ഇ) ഉപയോക്താവിനുവേണ്ടി നഗരഗതാഗതത്തിന്റെ കാര്യക്ഷമതയെ സഹായിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതായ ഏതെങ്കിലും സംയോജിതമോ

ഒറ്റയ്ക്കുള്ളതോ ആയ ഗതാഗത ശൃംഖലാ സൗകര്യങ്ങളുടെ വികസനവും, നിർമ്മാണവും, പ്രവർത്തനവും, നടത്തിപ്പും;

(എഫ്) നഗര ഗതാഗതത്തിന്റെ സംയോജനം, ഏകോപനം, നടത്തിപ്പ് എന്നിവയ്ക്ക് വേണ്ടിയുള്ള ഒരു പൊതു നിർദ്ദേശ-നിയന്ത്രണ-കേന്ദ്രം ഉണ്ടാക്കുകയും അതിന്റെ നടത്തിപ്പും;

(ജി) നഗരഗതാഗത സൗകര്യങ്ങളുടെ വികസനവും പ്രവർത്തനവുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വികസിപ്പിക്കുകയും പ്രസിദ്ധീകരിക്കുകയും പുറപ്പെടുവിക്കുകയും;

(എച്ച്) അതോറിറ്റിയുടെ പ്രാദേശിക അധികാരിതയ്ക്കുള്ളിൽ നഗരഗതാഗത സേവനങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തന സൂചകങ്ങളുടെ വികസനവും പ്രചാരണവും;

(ഐ) നഗരഗതാഗത ഉപയോക്താക്കൾക്ക് നൽകുന്ന സേവനങ്ങളുടെ നിലവാരങ്ങളിൽ നേരിട്ട് പ്രഭാവമുള്ള എല്ലാ തന്ത്രപരവും പ്രവർത്തനപരവുമായ സംഗതികളിൽ സാങ്കേതികവും പ്രവർത്തനപരവുമായ നിലവാരങ്ങളുടെ നിയന്ത്രണവും നടപ്പാക്കലും;

(ജെ) നഗരഗതാഗതവുമായോ നഗരഗതാഗത അനുബന്ധസേവനങ്ങളുമായോ ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ പാരിസ്ഥിതിക നിലവാരങ്ങളുടെ നിയന്ത്രണത്തിനും നടപ്പാക്കലിനുംവേണ്ടി ആവശ്യമായ നടപടികളെടുക്കുന്നതിന് ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളോട് ശിപാർശ ചെയ്യുക;

(കെ) ഈ ആക്റ്റിന്റെ V-ാം അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള നഗരഗതാഗതനിധിയുടെ ഭരണനിർവ്വഹണം;

(എൽ) നഗരഗതാഗതത്തിന്റെ ഉപയോക്താക്കൾക്ക് സംയോജിത വിവരം നൽകുന്നതിനായി ഒരു പ്രവർത്തന നിയന്ത്രണകേന്ദ്രം, ഒരു വെബ് അധിഷ്ഠിത ഉപയോക്തൃ വിവരാന്വേഷണസംവിധാനം, ഒരു ഹെൽപ്പ്ലൈൻ എന്നിവ സ്ഥാപിക്കുകയും അവയുടെ നടത്തിപ്പും;

(എം) ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് നഗരഗതാഗതവും നഗരഗതാഗത അനുബന്ധ സേവനങ്ങളും ഉപയോഗിക്കുന്നതിനുള്ള യൂസർ ചാർജ്ജുകൾ നൽകുന്നതിനുവേണ്ടി, സ്മാർട്ട് കാർഡ് അധിഷ്ഠിത ടിക്കറ്റ് സമ്പ്രദായം ഏർപ്പെടുത്തുകയും അതിന്റെ നടത്തിപ്പും;

(എൻ) ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് ട്രാഫിക് മാനേജ്മെന്റിനും ഗതാഗത ആസൂത്രണത്തിനും ഗതാഗതസംവിധാനങ്ങളുടെ

രൂപകല്പനയ്ക്കും ഗതാഗതരീതി തിരഞ്ഞെടുക്കുന്നതിനുംവേണ്ടി സാങ്കേതിക ശാസ്ത്രാധിഷ്ഠിത പരിഹാരങ്ങൾ ഏർപ്പെടുത്തുകയും അതിന്റെ നടത്തിപ്പും;

(ഒ) അതോറിറ്റി സ്ഥാപിക്കുന്ന ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റത്തിന്റെ സഹായത്തോടുകൂടി ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുകയും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളെ അറിയിക്കുകയും ചെയ്യുക;

(പി) അർബൻ മൊബിലിറ്റി പ്രദേശത്തുള്ള നഗര ഗതാഗതം സംബന്ധിച്ച വിവരം ശേഖരിക്കുകയും ആയത് ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകുകയും ചെയ്യുക;

(ക്യൂ) സംയോജിത നഗരഗതാഗത സമ്പ്രദായത്തെക്കുറിച്ച് ഉപയോക്തൃ ബോധം വളർത്തുന്നതിനായി നഗരഗതാഗതം ഉപയോഗിക്കുന്നവർക്കുവേണ്ടി വിവരം പ്രസിദ്ധീകരിക്കുകയും പ്രദർശിപ്പിക്കുകയും;

(ആർ) വിദ്യാഭ്യാസം, പരിശീലനം, ഗവേഷണം എന്നിവയിലൂടെ നഗരഗതാഗതത്തിന്റെ നടത്തിപ്പിനും പരിപാലനത്തിനും നിയോഗിക്കപ്പെട്ട ആളുകളുടെ നൈപുണ്യം വർദ്ധിപ്പിക്കുക;

(എസ്) നഗരഗതാഗത്തിന്റെ കാര്യക്ഷമതയോ സേവനനിലവാരങ്ങളോ വർദ്ധിപ്പിക്കുവാൻ റെയിൽവേയുടെ സേവനങ്ങളെയും ഷെഡ്യൂളുകളെയും സമയവിവരപ്പട്ടികകളെയും സംബന്ധിച്ച് റെയിൽവെയ്ക്ക് ശിപാർശകൾ നൽകുക.

(2) അതോറിറ്റിക്ക്, (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ചുമതലകൾ നിറവേറ്റുന്നതിനും ഏതെങ്കിലും ആളെയോ ഏജൻസിയെയോ നിയമിക്കാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ചുമതലകൾ നിറവേറ്റുന്നതിനുംവേണ്ടി ഏതെങ്കിലും ആളോ ഏജൻസിയോ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ, അതോറിറ്റി നിശ്ചയിച്ചേക്കാവുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും പരിമിതികൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതും അതോറിറ്റിയുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും പുനഃപരിശോധനയ്ക്കും കൂടി വിധേയമായിരിക്കുന്നതുമാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും സംസ്ഥാന സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന ഏതെങ്കിലും നിർദ്ദേശങ്ങൾക്കും വിധേയമായി, (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള കർത്തവ്യങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ചെലവ് അതോറിറ്റി വഹിക്കേണ്ടതാണ്.

(4) അർബൻ മൊബിലിറ്റി പ്രദേശത്ത് ഈ ആക്റ്റ് ഫലപ്രദമായി നടപ്പാക്കപ്പെടുന്നുണ്ടെന്ന് അതോറിറ്റി ഉറപ്പുവരുത്തേണ്ടതും ചട്ടങ്ങൾ പ്രകാരം നിർണയിക്കപ്പെടാവുന്ന മറ്റ് കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

13. <u>അർബൻ മൊബിലിറ്റി പ്രദേശത്തിനുവേണ്ടി സമഗ്ര മൊബിലിറ്റി പ്ലാൻ തയ്യാറാക്കലും പ്രസിദ്ധീകരിക്കലും.</u>—(1) അർബൻ മൊബിലിറ്റി പ്രദേശത്ത് സമഗ്രവും സംയോജിതവും ആസൂത്രിതവുമായ നഗരഗതാഗതത്തിന്റെ വികസനം ഉറപ്പാക്കുന്നതിനായി, ദേശീയ നഗരഗതാഗത നയത്തിന്റെ മാർഗ്ഗനിർദ്ദേശക രേഖകൾക്ക് അനുസൃതമായി ഒരു സമഗ്ര മൊബിലിറ്റി പ്ലാൻ അതോറിറ്റി തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും അങ്ങനെയുള്ള പദ്ധതിയിൽ,—

(i) അടിസ്ഥാന സൗകര്യങ്ങളും മറ്റ് പ്രവൃത്തികളും;

(ii) വിവിധ രീതിയിലുള്ള പൊതു ഗതാഗത സംവിധാനങ്ങളും മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റങ്ങളും അവയുടെ സംയോജനവും;

(iii) നിലവിലുള്ള ഏതെങ്കിലും ഗതാഗത സമ്പ്രദായങ്ങളുമായോ നടത്തിക്കൊണ്ടിരിക്കുന്ന ഗതാഗതസേവനങ്ങളുമായോ ഏതെങ്കിലും പുതിയ സമ്പ്രദായങ്ങളുമായോ സേവനങ്ങളുമായോ ബന്ധപ്പെട്ട ഏതെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങളും പ്രക്രിയയും;

(iv) ഈ ആക്റ്റിന്റെ ഉദ്ദേശ്യവും ലക്ഷ്യവും കൈവരിക്കുന്നതിനുവേണ്ടി അങ്ങനെയുള്ള പദ്ധതികളുടെ വികസനത്തിനും നടപ്പിലാക്കലിനും ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള മറ്റ് കാര്യങ്ങളും,

ഉൾപ്പെടുന്നതുമാകുന്നു:

എന്നാൽ, അങ്ങനെയുള്ള പ്രദേശത്തെ നഗരഗതാഗതവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്ലാനോ പദ്ധതിയോ രൂപവൽക്കരിക്കുകയോ വികസിപ്പിക്കുകയോ നടപ്പാക്കുകയോ ചെയ്യുന്നതും തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ രൂപീകരിക്കപ്പെട്ടതുമായ മറ്റേതെങ്കിലും സ്ഥാപനമോ സമിതിയോ ഉണ്ടെങ്കിൽ, അങ്ങനെയുള്ള സാഹചര്യങ്ങളിൽ, അതോറിറ്റിക്ക്, അതത് സംഗതിപോലെ, അങ്ങനെയുള്ള സ്ഥാപനവുമായോ സമിതിയുമായോ കൂടിയാലോചിച്ച് ഈ വകുപ്പിൻ കീഴിലെ അതിന്റെ ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്.

(2) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ, വിനിർദ്ദേശിച്ചേക്കാവുന്ന തീയതിക്ക് മുമ്പായി ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട്, കരട് പ്ലാൻ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട ആളുകൾക്ക് അവരുടെ ഭാഗം കേൾക്കുവാൻ മതിയായ അവസരം നൽകിയ ശേഷവും നിർദ്ദേശങ്ങളും

ആക്ഷേപങ്ങളും നിവേദനങ്ങളും, ഏതെങ്കിലും ഉണ്ടെങ്കിൽ, അവ പരിഗണിച്ചശേഷവും അതോറിറ്റി, ആവശ്യമെങ്കിൽ, കരട് പ്ലാനിൽ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

(3) അപ്രകാരം തയ്യാറാക്കിയ പ്ലാൻ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും, സംസ്ഥാന സർക്കാരിന് ആ പ്ലാൻ മാറ്റങ്ങൾ കൂടാതെയോ അല്ലെങ്കിൽ ആവശ്യമെന്ന് അത് കരുതുന്ന അങ്ങനെയുള്ള മാറ്റങ്ങളോടുകൂടിയോ അംഗീകരിക്കാവുന്നതും അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ശിപാർശകളുടെ അടിസ്ഥാനത്തിൽ ഒരു പുതിയ പ്ലാൻ തയ്യാറാക്കുവാൻ അതോറിറ്റിക്ക് നിർദ്ദേശങ്ങൾ നല്കിക്കൊണ്ട് തള്ളിക്കളയാവുന്നതുമാണ്.

(4) സംസ്ഥാന സർക്കാർ അംഗീകരിച്ച എല്ലാ പ്ലാനുകളും, ഔദ്യോഗിക ഗസറ്റിൽ അതോറിറ്റി പ്രസിദ്ധീകരിക്കേണ്ടതാണ്.

14. <u>സമഗ്ര മൊബിലിറ്റി പ്ലാൻ നടപ്പിലാക്കുന്നതിനും സ്കീമുകൾ രൂപീകരിക്കുന്നതിനുമുള്ള അധികാരം</u>.—(1) അതോറിറ്റിക്ക്, അംഗീകൃത സമഗ്ര മൊബിലിറ്റി പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി ആവശ്യമെന്ന് അത് കരുതുന്ന പ്രകാരമുള്ള ഉചിതമായ നടപടികളെടുക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(2) അർബൻ മൊബിലിറ്റി പ്രദേശത്ത് ആവിഷ്കരിക്കാനുദ്ദേശിക്കുന്ന സേവനങ്ങളുടെ സ്വഭാവത്തിന്റെ എല്ലാ പ്രസക്തമായ വിശദാംശങ്ങളും ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പ്രദേശം അല്ലെങ്കിൽ റൂട്ട് സഹിതം വ്യക്തമാക്കി നല്കിക്കൊണ്ട്, റോഡ് ഗതാഗത സർവ്വീസുകളെ അംഗീകൃത സമഗ്ര മൊബിലിറ്റി പ്ലാനുമായി യോജിപ്പിക്കുന്നതിനു വേണ്ടി ഒരു കരട് സ്കീം രൂപീകരിക്കുന്നതിന് അതോറിറ്റിക്ക് സംസ്ഥാന സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്.

(3) ഓപ്പറേറ്റ് ചെയ്യുന്ന പ്രദേശം അല്ലെങ്കിൽ റൂട്ട് അത് പ്രാബല്യത്തിൽ വരുന്ന തീയതി, ഓപ്പറേറ്റ് ചെയ്യുന്ന കാലയളവ് (കഴിയുന്നതും പത്ത് വർഷത്തിൽ കൂടാൻ പാടില്ല), പ്രത്യേക പെർമിറ്റുകൾ പ്രകാരം നല്കാവുന്ന സർവ്വീസുകൾ, സ്കീമിൽ പങ്കെടുക്കുന്ന പാസഞ്ചർ ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാർ തുടങ്ങിയ, ബാധകമാക്കാവുന്ന വ്യവസ്ഥകൾ സ്കീമിൽ ഉൾപ്പെടുത്താവുന്നതാണ്.

15. <u>നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും അന്വേഷണത്തിനും ഉത്തരവിടുന്നതിനും ശിപാർശ ചെയ്യുന്നതിനുള്ള അധികാരം</u>.—(1) ഏതെങ്കിലും നഗരഗതാഗത പദ്ധതിയുടെയോ സ്കീമിന്റെയോ നടത്തിപ്പുമായി ബന്ധപ്പെട്ട്, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബന്ധപ്പെട്ട വകുപ്പ്, അധികാരസ്ഥാനം, ട്രാൻസ്പോർട്ട് ഓപ്പറേറ്റർ, അഗ്രഗേറ്റർ,

അല്ലെങ്കിൽ ബന്ധപ്പെട്ട മറ്റാളുകൾ എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകുന്നതിന് അതോറിറ്റിക്ക് സംസ്ഥാന സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്. അങ്ങനെയുള്ള വകുപ്പുകൾ, അധികാരസ്ഥാനം, ട്രാൻസ്പോർട്ട് ഓപ്പറേറ്റർ, അഗ്രഗേറ്റർ അല്ലെങ്കിൽ അങ്ങനെയുള്ള ആളുകളോ സ്ഥാപനമോ അങ്ങനെയുള്ള നിർദ്ദേശങ്ങൾ അനുസരിക്കാത്തപക്ഷം അവ കൃത്യമായി പാലിക്കുന്നതിനുവേണ്ടി അതോറിറ്റിക്ക് ആയത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

(2) അതോറിറ്റിയും അതിന്റെ ഉദ്യോഗസ്ഥരും എടുക്കുന്ന നടപടികളും ആക്റ്റിലെ വ്യവസ്ഥകളും നടപ്പിലാക്കുന്നതിനുവേണ്ടി അതോറിറ്റിയെയും അതോറിറ്റിയുടെ ഉദ്യോഗസ്ഥരെയും സഹായിക്കുവാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥരും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട ഏതെങ്കിലും ക്രമക്കേടുകളും ആജ്ഞാലംഘനങ്ങളും അന്വേഷിക്കുന്നതിനോ അന്വേഷിപ്പിക്കുന്നതിനോ ഉത്തരവിടുന്നതിന് അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതും ഉത്തരവിടുന്ന മുറയ്ക്ക് അന്വേഷണ ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ, അതത് സംഗതിപോലെ, അന്വേഷണം നടത്തുകയോ അന്വേഷണം നടത്തിക്കുകയോ ചെയ്യേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ റിപ്പോർട്ടോ റിപ്പോർട്ടിന്റെ പകർപ്പോ അതോറിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

16. <u>പൊതുഗതാഗത സൗകര്യവും ഗതാഗത സംവിധാനവും വികസിപ്പിക്കുന്നതിനായി കരാറിൽ ഏർപ്പെടാനുള്ള അധികാരം.</u>—(1) അതോറിറ്റി തീരുമാനിക്കാവുന്ന പ്രകാരമോ അതോറിറ്റി ഉണ്ടാക്കിയ ഏതെങ്കിലും പ്ലാനിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരമോ, ഏതെങ്കിലും അടിസ്ഥാനസൗകര്യത്തിന്റെയോ ഗതാഗതസംവിധാനത്തിന്റെയോ വികസനത്തിനായി ഒരു പൊതു സ്ഥാപനവുമായോ സ്വകാര്യ സ്ഥാപനവുമായോ ഏതെങ്കിലും എഗ്രിമെന്റിലോ കരാറിലോ ഉപകരാറിലോ ഏർപ്പെടുന്നതിന് അതോറിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ, ഇത്തരത്തിൽ കരാറിലേർപ്പെട്ട പൊതുസേവനങ്ങളിന്മേലുള്ള പൊതുസുരക്ഷ നിരീക്ഷിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനും അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം വികസിപ്പിച്ചെടുത്ത അടിസ്ഥാന സൗകര്യ വികസനത്തിന്റെയോ ഗതാഗതസംവിധാനത്തിന്റെയോ അതുമായി ബന്ധപ്പെട്ട സേവനങ്ങളുടെയോ ഉപയോഗത്തിനായി അങ്ങനെയുള്ള എഗ്രിമെന്റോ കരാറോ പ്രകാരം ഈടാക്കാവുന്ന ഫീസ്, അല്ലെങ്കിൽ യൂസർചാർജ്ജ് നിശ്ചയിക്കുന്നതിനും വിജ്ഞാപനം ചെയ്യുന്നതിനും അതോറിറ്റിക്ക് അധികാരം

ഉണ്ടായിരിക്കുന്നതാണ്. ഇതു സംബന്ധിച്ച് ഏർപ്പെട്ടിട്ടുള്ള ബന്ധപ്പെട്ട ക്രമീകരണങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്കനുസരിച്ച് അങ്ങനെയുള്ള ഫീസോ യൂസർചാർജ്ജുകളോ പിരിച്ചെടുക്കുന്നതിനും വിനിയോഗിക്കുന്നതിനും ഉള്ള അധികാരം, അതത് സംഗതിപോലെ, കൺസഷനയറിലോ ലൈസൻസിയിലോ കരാറുകാരനിലോ ഉപകരാറുകാരനിലോ നിക്ഷിപ്തമാക്കുന്നതിന് അതോറിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അതോറിറ്റിക്ക്, അത് യുക്തമെന്നു കരുതുന്ന പക്ഷം, ബന്ധപ്പെട്ട ഫീസ് അല്ലെങ്കിൽ യൂസർ ചാർജ്ജുകൾ പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കുന്നതിനോ അതിൽ ഇളവ് നൽകുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, സംസ്ഥാന സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരമില്ലാതെ അങ്ങനെയുള്ള യാതൊരു ഫീസോ യൂസർ ചാർജ്ജോ അതോറിറ്റി നിശ്ചയിക്കുകയോ വിജ്ഞാപനം ചെയ്യുകയോ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വിവിധ ക്രമീകരണങ്ങളിൽ ഏർപ്പെടുന്നതിനായി അതോറിറ്റിക്ക്, അത് ആവശ്യമാണെന്ന് കരുതുന്ന റെഗുലേഷനുകളോ ഉത്തരവുകളോ ഉണ്ടാക്കാവുന്നതും അല്ലെങ്കിൽ നിർദ്ദേശങ്ങൾ നൽകാവുന്നതുമാണ്.

(4) അങ്ങനെയുള്ള ക്രമീകരണങ്ങളിൽ നിന്നുള്ള വരവ് നിധിയിൽ വരവുവയ്ക്കേണ്ടതാണ്.

17. <u>അതോറിറ്റിയുടെ പൊതു അധികാരങ്ങൾ.</u>—തത്സമയം പ്രാബല്യത്തിലുള്ള ഏതൊരു നിയമത്തിലെയും വ്യവസ്ഥകൾക്കു വിധേയമായി അതോറിറ്റിക്ക് ഇനിപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതുവിധത്തിലും ഏതുതരത്തിലും ഉള്ള സാമ്പത്തിക ഏർപ്പാടിനും നൽകുന്ന ഈട് ഉൾപ്പടെയുള്ള, ഈട് സ്വീകരിക്കുന്നതിനും ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും പരിത്യജിക്കുന്നതിനും കൈമാറുന്നതിനും തിരികെ നൽകുന്നതിനും;

(ബി) ഈ ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായതോ അതുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും വസ്തു, സ്ഥാവരമോ ജംഗമമോ ഏതുതന്നെയായാലും, അല്ലെങ്കിൽ അവയുടെ ഏതെങ്കിലും ഭാഗമോ, വിലയ്ക്കു വാങ്ങുവാനും പാട്ടത്തിന് കൊടുക്കുവാനും കൈവശം വയ്ക്കുവാനും നിർമ്മാണത്തിനും ഉൽപ്പാദനത്തിനും നിലനിർത്തുവാനും വിൽക്കുവാനും അല്ലെങ്കിൽ തീർപ്പാക്കുവാനും;

(സി) ഗതാഗത നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്റ്റുകൾ, പ്ലാനുകൾ, പദ്ധതികൾ, നിർദ്ദേശങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി ഫണ്ട് സ്വരൂപിക്കുന്നതിനും എല്ലാ ഗതാഗതസംബന്ധിയായ നിക്ഷേപങ്ങൾക്കുമുള്ള തുക ലഭ്യമാക്കുന്നത് സുഗമമാക്കുന്നതിനും;

(ഡി) കേന്ദ്ര സർക്കാരോ ഏതെങ്കിലും സംസ്ഥാന സർക്കാരോ മറ്റേതെങ്കിലും ഏജൻസികളോ സമഗ്ര അർബൻ മൊബിലിറ്റി പ്ലാനുമായി യോജിച്ചു പോകുകയെന്ന വീക്ഷണത്തോടെ അർബൻ മൊബിലിറ്റി പ്രദേശത്തിനു വേണ്ടിയോ അർബൻ മൊബിലിറ്റി പ്രദേശത്തിലോ നിർദ്ദേശിച്ച എല്ലാ പ്രധാന ഗതാഗത പദ്ധതികളും നിറവേറ്റുക അല്ലെങ്കിൽ അവ എല്ലാമോ ഏതെങ്കിലുമോ മേൽനോട്ടം വഹിക്കുക;

(ഇ) പൊതുഗതാഗത സേവനങ്ങൾക്കായി ബന്ധപ്പെട്ട അധികാരികൾ പെർമിറ്റുകളോ ലൈസൻസുകളോ നൽകുന്നതിനുള്ള വ്യവസ്ഥകൾ ശിപാർശ ചെയ്യുക;

(എഫ്) സമഗ്ര അർബൻ മൊബിലിറ്റി പ്ലാനും ഗതാഗത നിക്ഷേപ പദ്ധതിയും തുടർച്ചയായി നിരീക്ഷിക്കുകയും അത് ആഡിറ്റ് അനുസൃതമാക്കുകയും ചെയ്യുക;

(ജി) നഗര ഗതാഗത അനുബന്ധ സേവനങ്ങൾക്കുള്ള ഫീസും ചാർജ്ജുകളും കൂടാതെ, എല്ലാ നഗര ഗതാഗതത്തിനുമുള്ള നിരക്കുകളും നിയന്ത്രിക്കുന്നതിനായി ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളോട് ശിപാർശ ചെയ്യുക;

(എച്ച്) നഗര ഗതാഗത പ്രവർത്തനങ്ങൾക്കായുള്ള ഫണ്ടുകൾ ഉപയോഗിക്കുന്നത് നിരീക്ഷിക്കുകയും കണക്കുകളുടെയും വായ്പകളുടെയും ആഡിറ്റ് ഉറപ്പാക്കുകയും ചെയ്യുക;

(ഐ) ഈ ആക്റ്റിനു കീഴിൽ ഉണ്ടാക്കിയിട്ടുള്ള റെഗുലേഷനുകൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുക;

(ജെ) സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച്, അതോറിറ്റിയുടെ ജീവനക്കാർക്കുവേണ്ടി ഉചിതവും പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെടുത്തിയുള്ളതുമായ സേവന വേതന വ്യവസ്ഥകൾ തയ്യാറാക്കുക;

(കെ) II-ാം പട്ടികയിൽ ഉറ്റപ്പെടുത്തിയിട്ടുള്ള സമാന്തര ഗതാഗത സംവിധാനത്തിന് സുസ്ഥിരമായ പ്രവർത്തന ചട്ടക്കൂട് ഒരുക്കുന്നതിനുള്ള ഉപദേശങ്ങളോ ശിപാർശയോ നൽകുക.

(എൽ) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ.

## അദ്ധ്യായം V

## നഗരഗതാഗത നിധി

18. അതോറിറ്റിയുടെ നിധി.—(1) ഓരോ മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിക്കും വേണ്ടി 'നഗരഗതാഗത നിധി' എന്ന് വിളിക്കപ്പെടുന്ന ഒരു നിധി രൂപീകരിക്കേണ്ടതാണ്.

(2) താഴെപ്പറയുന്നവ നിധിയിലേയ്ക്ക് വരവ് വയ്ക്കേണ്ടതാണ്, അതായത്:-

(എ) അതത് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിക്കായി കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ അനുവദിക്കുന്ന ഗ്രാന്റുകളും അഡ്വാൻസുകളും, വായ്പകളും ബഡ്ജറ്റിൽ വകയിരുത്തിയത് ഉൾപ്പെടെയുള്ള വകയിരുത്തലിലൂടെ അനുവദിച്ചുകിട്ടുന്ന ഫണ്ടുകളും;

(ബി) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി,—

(i) ഈ ആക്റ്റിൻ കീഴിൽ ചുമത്തുകയും ഈടാക്കുകയും ചെയ്യുന്ന ഏതെങ്കിലും പിഴയും സമാഹരിക്കുന്ന രാജിയാക്കൽ ഫീസും;

(ii) ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം മുഖേന കണ്ടുപിടിക്കപ്പെട്ടതും അതോറിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ ട്രാഫിക് ലംഘനങ്ങളുടെ സംഗതിയിൽ ബന്ധപ്പെട്ട വകുപ്പുകൾ സമാഹരിക്കുന്ന രാജിയാക്കൽ ഫീസ്;

(സി) ഈ ആക്റ്റിൻ കീഴിൽ അർബൻ മൊബിലിറ്റി പ്രദേശത്ത് നിന്നും സമാഹരിക്കുന്ന ഏതെങ്കിലും യൂസർ ഫീസുകൾ അല്ലെങ്കിൽ ചാർജ്ജുകൾ;

(ഡി) സംസ്ഥാന സർക്കാർ വകയിരുത്തി നൽകാവുന്ന സ്പെഷ്യൽ പ്രോജക്റ്റ് സ്പെസിഫിക് വയബിലിറ്റി ഗ്യാപ്ഫണ്ടിങ്;

(ഇ) അതോറിറ്റിക്ക് നിയമപരമായി ലഭിക്കുന്ന മറ്റേതൊരു തുകയും.

(3) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായും അല്ലാതെ യാതൊരു തുകയും നിധിയിലേക്ക് അടയ്ക്കുവാനോ അല്ലെങ്കിൽ അതിൽ നിന്നും ഉപയോഗിക്കുവാനോ പാടില്ലാത്തതാണ്.

(4) സംസ്ഥാനസർക്കാർ അതത് സമയം നൽകാവുന്ന പൊതുവായ അല്ലെങ്കിൽ പ്രത്യേക നിർദ്ദേശങ്ങൾക്ക് വിധേയമായി, അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിധി കൈവശം വയ്ക്കുകയും ഭരണനിർവ്വഹണം നടത്തുകയും ചെയ്യേണ്ടതാണ്.

19. സർക്കാർ വഴിയുള്ള ഗ്രാന്റുകളും വായ്പകളും.—ഈ ആക്റ്റിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് അതോറിറ്റിക്ക് ആവശ്യമെന്നു കരുതുന്ന ഗ്രാന്റുകളും അഡ്വാൻസുകളും വായ്പകളും കേന്ദ്രസർക്കാരിൽ നിന്നോ സംസ്ഥാന സർക്കാരിൽ നിന്നോ അതോറിറ്റിക്ക് സ്വീകരിക്കാവുന്നതും അങ്ങനെ സ്വീകരിക്കുന്ന എല്ലാ ഗ്രാന്റുകളും വായ്പകളും അഡ്വാൻസുകളും അങ്ങനെയുള്ള സർക്കാർ തീരുമാനിക്കുന്ന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായിരിക്കേണ്ടതുമാണ്.

20. പലിശ അടയ്ക്കുന്നതിനും വായ്പകൾ തിരിച്ചടയ്ക്കുന്നതിനും ഉള്ള മുൻഗണന.—തത്സമയം പ്രാബല്യത്തിലുള്ള ഏതൊരു നിയമത്തിലെയും വ്യവസ്ഥകൾക്ക് വിധേയമായി, വായ്പകളിൻമേലുള്ള പലിശയായോ വായ്പയുടെ തിരിച്ചടവായോ അതോറിറ്റിയിൽ നിന്നും കൊടുക്കുവാനുള്ള എല്ലാ അടവുകളും അതോറിറ്റിയിൽ നിന്നും കൊടുക്കുവാനുള്ള മറ്റെല്ലാ അടവുകളെക്കാൾ മുൻഗണന നൽകി അടയ്ക്കേണ്ടതാണ്.

21. ധനസമാഹരണത്തിനുള്ള അധികാരം.—ഈ ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി, സംസ്ഥാനസർക്കാർ അംഗീകരിച്ചേക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേലും ഉപാധികളിന്മേലും വായ്പകളോ കടപ്പത്രങ്ങളോ മുഖേനയോ അല്ലെങ്കിൽ അങ്ങനെയുള്ള ഉറവിടങ്ങളിൽ നിന്നും ബോണ്ടുകൾ ഇറക്കിക്കൊണ്ടോ അതോറിറ്റിക്ക് ധനമോ കടമോ സമാഹരിക്കുകയും ചെയ്യാവുന്നതാണ്.

22. അതോറിറ്റി വഴിയുള്ള ഗ്രാന്റുകളും വായ്പകളും.—തത്സമയം പ്രാബല്യത്തിലുള്ള ഏതൊരു നിയമത്തിലെയും വ്യവസ്ഥകൾക്ക് വിധേയമായി, അതോറിറ്റിക്ക്, ബന്ധപ്പെട്ട അർബൻ മൊബിലിറ്റി പ്രദേശത്തിനുള്ളിലെ ഏതൊരു നഗരഗതാഗത ഓപ്പറേറ്റർക്കും ആവശ്യമെന്നു കരുതാവുന്ന അങ്ങനെയുള്ള ഗ്രാന്റുകളും അഡ്വാൻസുകളും വായ്പകളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതും അങ്ങനെ നൽകുന്ന എല്ലാ ഗ്രാന്റുകളും വായ്പകളും അഡ്വാൻസുകളും ബാധകമായ നിയമങ്ങൾ പ്രകാരം അതോറിറ്റി തീരുമാനിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേലും ഉപാധികളിന്മേലും ആയിരിക്കേണ്ടതുമാണ്.

23. ഋണമോചനനിധി.—(1) അതോറിറ്റി, അത് കടം വാങ്ങിയ പണം തിരിച്ചടയ്ക്കുന്നതിനു വേണ്ടി 20-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ഋണമോചനനിധി സൂക്ഷിച്ചുപോരേണ്ടതും അങ്ങനെ കടം വാങ്ങിയിട്ടുള്ള എല്ലാ തുകകളും അവ തിരിച്ചടയ്ക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ തിരിച്ചടയ്ക്കുന്നതിന് പര്യാപ്തമാവയക്കാവുന്ന തുക ഓരോവർഷവും ഋണമോചന നിധിയിലേക്ക് അടയ്ക്കേണ്ടതുമാണ്.

(2) ഏത് വായ്പ അടച്ചുതീർക്കുന്നതിലേയ്ക്കു വേണ്ടിയാണോ അങ്ങനെയുള്ള നിധി വരവ് വച്ചിട്ടുള്ളത്, ആ വായ്പയിലേക്കോ അത് അടച്ചുതീർക്കുന്നതിലേക്കായോ ആ ഋണമോചനനിധി അഥവാ അതിന്റെ ഭാഗം വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള വായ്പ പൂർണ്ണമായും അടച്ചുതീർക്കുന്നതുവരെ അത് മറ്റ് യാതൊരു ആവശ്യത്തിനും വിനിയോഗിക്കാൻ പാടില്ലാത്തതുമാണ്.

24. <u>അതോറിറ്റിയുടെ ബഡ്ജറ്റ്</u>.—(1) അതോറിറ്റി ഓരോ വർഷവും, ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാതൃകയിലും അങ്ങനെയുള്ള സമയത്തിനുള്ളിലും തൊട്ടടുത്തുവരുന്ന സാമ്പത്തികവർഷത്തേക്കുള്ള പ്രതീക്ഷിത വരവുകളും ചെലവുകളും കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അത്രയും എണ്ണം അതിന്റെ പകർപ്പുകൾ സംസ്ഥാനസർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(2) അതോറിറ്റി തയ്യാറാക്കിയ ബഡ്ജറ്റ്, അതിൽ സംസ്ഥാനസർക്കാരിൽ നിന്നുള്ള ഏതെങ്കിലും റവന്യൂ വിഹിതം ആവശ്യപ്പെടാത്തിടത്തോളം അന്തിമവും സംസ്ഥാന സർക്കാരിന്റെ മുൻകൂർ അംഗീകാരം ഇല്ലാതെ അതോറിറ്റിയ്ക്ക് സ്വീകരിക്കാവുന്നതുമാണ്. എന്നിരുന്നാലും അതോറിറ്റി തയ്യാറാക്കിയ ബഡ്ജറ്റ്, അതിൽ സംസ്ഥാനസർക്കാരിൽ നിന്നും എന്തെങ്കിലും റവന്യൂ വിഹിതം ആവശ്യപ്പെടുന്നിടത്തോളം, സംസ്ഥാനസർക്കാർ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മാറ്റത്തോടെയോ ഉപാധികളോടും വ്യവസ്ഥകളോടും കൂടിയോ സംസ്ഥാന സർക്കാരിന്റെ അന്തിമ അംഗീകാരത്തിന് വിധേയമായിരിക്കേണ്ടതാണ്.

25. <u>ആഡിറ്റ്</u>.—(1) അതോറിറ്റിയുടെ അക്കൗണ്ടുകൾ സംസ്ഥാന അക്കൗണ്ടന്റ് ജനറലിന്റെ വർഷംതോറുമുള്ള ആഡിറ്റിന് വിധേയമായിരിക്കുന്നതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് വഹിക്കേണ്ടതായിവരുന്ന ഏതൊരു ചെലവും അക്കൗണ്ടന്റ് ജനറലിന് അതോറിറ്റി നൽകേണ്ടതുമാണ്. അതോറിറ്റിയുടെ അക്കൗണ്ടുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലോ അദ്ദേഹം നിയമിക്കുന്ന ഏതൊരാൾക്കോ സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടുകളുടെ ആഡിറ്റ് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന് ഉള്ളതായ അതേ അവകാശവും പ്രത്യേകാവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും പ്രത്യേകിച്ചും പുസ്തകങ്ങൾ, കണക്കുകൾ, ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും കടലാസുകളും ഹാജരാക്കുവാൻ ആവശ്യപ്പെടാനുള്ള അധികാരവും ഉണ്ടായിരിക്കുന്നതാണ്.

(2) ആഡിറ്റ് റിപ്പോർട്ടിന്റെ ഒരു പകർപ്പ് സംസ്ഥാന സർക്കാരിനും അതോറിറ്റിക്കും സംസ്ഥാനസർക്കാർ വിനിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ബന്ധപ്പെട്ട ആൾക്കും അല്ലെങ്കിൽ അധികാരസ്ഥാനത്തിനും സമർപ്പിക്കേണ്ടതാണ്.

26. വാർഷിക റിപ്പോർട്ട്.—(1) അതോറിറ്റി ഓരോ വർഷത്തേയ്ക്കും അതിന്റെ ആ വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കേണ്ടതും തൊട്ടടുത്ത വർഷം ജൂൺ 1-ാം തീയതിയോ അതിനു മുൻപോ ആ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം അതിന്റെ ഒരു പകർപ്പ് സംസ്ഥാന സർക്കാർ കഴിയുന്നത്ര വേഗം സംസ്ഥാന നിയമസഭയിൽ വയ്പ്പിക്കേണ്ടതാണ്.

(3) താഴെ പറയുന്നവ ഉൾപ്പെടെയും എന്നാൽ അവയിൽ പരിമിതപ്പെടുത്താതെയും, ആഡിറ്റ് ചെയ്ത വാർഷിക സ്റ്റേറ്റ്മെന്റ് ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനം അതോറിറ്റി സംസ്ഥാന സർക്കാരിന് സമർപ്പിക്കേണ്ടതാണ്:—

(എ) എടുത്ത കടം അല്ലെങ്കിൽ വായ്പയുടെ തുക;

(ബി) തനതു വർഷം നടത്തിയ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ;

(സി) ഋണമോചനനിധിയിലേയ്ക്കായി നീക്കിവയ്ക്കപ്പെട്ട തുക ഉൾപ്പെടെയുള്ള തിരിച്ചടവ് രീതി;

(ഡി) എടുത്തതോ ഉണ്ടാക്കിയതോ ആയ സെക്യൂരിറ്റികളുടെ തുക;

(ഇ) അതതുസമയം സംസ്ഥാന സർക്കാർ നിർദ്ദേശിച്ചേക്കാവുന്ന മറ്റേതെങ്കിലും കാര്യം.

27. റിട്ടേണുകൾ.— അതത്സമയങ്ങളിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള റിപ്പോർട്ടുകൾ, റിട്ടേണുകൾ, മറ്റ് വിവരങ്ങൾ എന്നിവ അതോറിറ്റി സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്.

## അദ്ധ്യായം VI

## ശിക്ഷകൾ

28. ഈ ആക്റ്റിലെയോ ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ.—ഈ ആക്റ്റിലെയോ ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾ പാലിക്കുവാൻ വീഴ്ച വരുത്തുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിൻമേൽ, പതിനായിരം രൂപ വരെ ആകാവുന്ന പിഴയ്ക്ക് ശിക്ഷിക്കപ്പെടാവുന്നതാണ്.

29. <u>കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ</u>.—(1) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ആൾ ഒരു കമ്പനി ആകുന്നിടത്ത്, അങ്ങനെയുള്ള ലംഘനം നടന്ന സമയത്ത് കമ്പനിയുടെ ചാർജ്ജ് വഹിച്ചിരുന്നതും കമ്പനിയുടെ കാര്യനിർവ്വഹണത്തിന് കമ്പനിയോട് ഉത്തരവാദിയായിരുന്നതുമായ ഓരോ ആളും, അതുപോലെ തന്നെ ആ കമ്പനിയും, അങ്ങനെയുള്ള ലംഘനത്തിന് ബാദ്ധ്യസ്ഥരായി കരുതപ്പെടേണ്ടതും അതനുസരിച്ച് അവർക്കെതിരായുള്ള നടപടികൾക്ക് വിധേയരായിരിക്കുന്നതും ശിക്ഷിക്കപ്പെടേണ്ടതുമാണ്:

എന്നാൽ, ലംഘനം നടത്തിയത് തന്റെ അറിവോടെയല്ലെന്നും അല്ലെങ്കിൽ അങ്ങനെയുള്ള ലംഘനം തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നും അയാൾ തെളിയിക്കുന്നപക്ഷം ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും അങ്ങനെയുള്ള യാതൊരാളെയും ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെയോ ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകളുടെ ലംഘനം നടത്തിയത് ഒരു കമ്പനി ആയിരിക്കുകയും അങ്ങനെയുള്ള ലംഘനം നടത്തിയത് കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ ഭാഗത്തുനിന്നുള്ള സമ്മതത്തോടു കൂടിയോ മൗനാനുവാദത്തോടു കൂടിയോ ഏതെങ്കിലും ഉപേക്ഷമൂലമാണ് എന്നോ തെളിയുന്ന സംഗതിയിൽ അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥനോ ആ ലംഘനത്തിനുള്ള കുറ്റക്കാരനാണെന്ന് കരുതപ്പെടേണ്ടതും അതനുസരിച്ച് അവർക്കെതിരെയുള്ള നടപടികൾക്ക് വിധേയരായിരിക്കുന്നതും ശിക്ഷിക്കപ്പെടേണ്ടതുമാണ്.

<u>വിശദീകരണം</u>.—ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി,—

(എ) "കമ്പനി" എന്നാൽ ഒരു ഏകാംഗീകൃത നികായമെന്ന് അർത്ഥമാകുന്നതും അതിൽ ഒരു പങ്കാളിത്തസ്ഥാപനം അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് കൂട്ടായ്മ ഉൾപ്പെടുന്നതുമാകുന്നു;

(ബി) "ഡയറക്ടർ" എന്നാൽ ഒരു പങ്കാളിത്ത സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം ആ പങ്കാളിത്ത സ്ഥാപനത്തിലെ പങ്കാളി എന്നർത്ഥമാകുന്നു.

30. <u>പിഴ ഈടാക്കുമ്പോൾ അതോറിറ്റിയിൽ നിക്ഷിപ്തമാക്കണമെന്ന്</u>.—ഈ ആക്റ്റിൻ കീഴിൽ ഈടാക്കുന്ന എല്ലാ പിഴകളുടെയും മൊത്തം തുക 2001-ലെ കേരള റോഡ് ഫണ്ട് ആക്റ്റിലെയും (2001-ലെ 10) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിലെയും (2007-ലെ 8) വ്യവസ്ഥകൾക്ക് വിധേയമായി നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

31. <u>ശിക്ഷകൾ മറ്റ് ബാദ്ധ്യതകളെ ബാധിക്കരുതെന്ന്</u>.—ഈ ആക്റ്റിൻ കീഴിൽ ചുമത്തിയ ശിക്ഷകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിലുള്ള ഏതെങ്കിലും ബാദ്ധ്യതയ്ക്ക് പുറമെയും അതിന് കുറവ് വരാതെയും ആയിരിക്കേണ്ടതാണ്.

32. <u>കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ</u>.—(1) ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന, ഈ ആക്റ്റിലെയോ ചട്ടങ്ങളുടെയോ റെഗുലേഷനുകളുടെയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം അതോറിറ്റിക്കു വേണ്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യഥാവിധി ഒപ്പുവച്ച് നൽകുന്ന ഒരു പരാതിയിന്മേലല്ലാതെ യാതൊരു കോടതിയും വിചാരണക്കെടുക്കുവാൻ പാടുള്ളതല്ല.

(2) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും, ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ താഴെയല്ലാത്ത യാതൊരു കോടതിയും ഈ ആക്റ്റിൻ കീഴിലുള്ള കുറ്റങ്ങൾ വിചാരണയ്ക്ക് എടുക്കുവാൻ പാടുള്ളതല്ല.

33. <u>കുറ്റങ്ങൾ രാജിയാക്കൽ</u>.—(1) ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഈ ആക്ലിലെയോ ചട്ടങ്ങളുടെയോ റെഗുലേഷനുകളുടെയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കുന്നതിനു മുൻപോ അതിനുശേഷമോ ഇതിലേക്കായി ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഒരു രാജിയാക്കൽ ഫീസ് വാങ്ങിക്കൊണ്ട്, അതോറിറ്റിക്കോ സംസ്ഥാന സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഇതിലേക്കായി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ രാജിയാക്കാവുന്നതും അങ്ങനെ കൈപ്പറ്റിയ തുകയുടെ കൈപ്പറ്റ് രസീത് ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിൽ പ്രതിക്കോ ബന്ധപ്പെട്ട ആൾക്കോ നൽകേണ്ടതുമാണ്:

എന്നാൽ, രാജിയാക്കൽ ഫീസ് 28-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള പരമാവധി പിഴ തുകയിൽ കവിയാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, ഈ ആക്റ്റിലെയോ ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം നടത്തിയത് ഏതെങ്കിലും കമ്പനിയോ അതിന്റെ ഉദ്യോഗസ്ഥനോ ആയിരിക്കുന്ന സംഗതിയിൽ, ഈ ആക്റ്റ് പ്രകാരം അങ്ങനെയുള്ള കമ്പനിക്കെതിരെ അന്വേഷണം ആരംഭിക്കുകയോ നിലവിലിരിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അങ്ങനെയുള്ള ലംഘനം രാജിയാക്കാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നുംതന്നെ, ഒരു കമ്പനിയോ ആളോ നേരത്തെ നടത്തിയ ലംഘനം ഈ വകുപ്പ് പ്രകാരം രാജിയാക്കിയ തീയതി മുതൽ മൂന്നുവർഷ കാലയളവിനുള്ളിൽ അയാളോ കമ്പനിയോ നടത്തിയ ഈ ആക്റ്റിലെയോ ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകളുടെ തുടർലംഘനത്തിന് ബാധകമാകുന്നതല്ല.

(3) ഈ ആക്റ്റിലെയോ ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകളുടെ ഏതെങ്കിലും ലംഘനം രാജിയാക്കിയത് പ്രോസിക്യൂഷൻ നടപടി ആരംഭിച്ചശേഷം ആകുന്ന സംഗതിയിൽ, അങ്ങനെയുള്ള രാജിയാക്കൽ, അതോറിറ്റി, രേഖാമൂലം, പ്രോസിക്യൂഷൻ നടപടി നിലവിലുള്ള കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അങ്ങനെയുള്ള ലംഘനം രാജിയാക്കിയത് അപ്രകാരം ശ്രദ്ധയിൽ കൊണ്ടുവരുമ്പോൾ ഏത് ആളുമായി ബന്ധപ്പെട്ടാണോ അങ്ങനെ രാജിയാക്കിയിട്ടുള്ളത് അയാളെ കുറ്റവിമുക്തനാക്കേണ്ടതുമാണ്.

## അദ്ധ്യായം VII

## പലവക

34. ഉത്തമ വിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ റെഗുലേഷനുകളോ പ്രകാരമോ ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സംസ്ഥാന സർക്കാരിനോ അതോറിറ്റിക്കോ സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അതോറിറ്റിയുടെ ഏതെങ്കിലും അംഗത്തിനോ ഉദ്യോഗസ്ഥനോ മറ്റ് ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

35. സമൻസ്, നോട്ടീസ്, ഉത്തരവ് മുതലായവ നൽകൽ.—ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടമോ റെഗുലേഷനോ പ്രകാരം ആവശ്യമാകുന്ന ഏതൊരു സമൻസും നോട്ടീസും ഉത്തരവും അല്ലെങ്കിൽ മറ്റ് രേഖകളും, അതോറിറ്റിയുടെ എല്ലാ തീരുമാനങ്ങളും അത് നൽകുന്ന അനുമതികളും അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അതോറിറ്റി ഇതിലേക്കായി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ഒപ്പുവച്ച് പ്രമാണീകരിക്കേണ്ടതും താഴെപ്പറയുന്ന ഏതെങ്കിലും ഒരു രീതിയിൽ അത് നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട കക്ഷിക്കോ കക്ഷികൾക്കോ യഥാവിധി നൽകിയതായി കരുതപ്പെടേണ്ടതുമാണ്:—

(i) നേരിട്ടോ;

(ii) ആളിന്റെ, അവസാനം അറിയപ്പെടുന്ന മേൽവിലാസത്തിൽ രജിസ്റ്റേർഡ് പോസ്റ്റായോ;

(iii) മേൽപ്പറഞ്ഞ (i)-ഉം (ii)-ഉം ഇനങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും രീതിയിൽ അപ്രകാരമുള്ള സമൻസ്, നോട്ടീസ്, മുതലായവ നൽകുന്നതിൽ വീഴ്ച വരുത്തുന്ന സംഗതിയിൽ, അതത് സംഗതിപോലെ, ബന്ധപ്പെട്ട കക്ഷിയുടെ വീട്ടിൽ അല്ലെങ്കിൽ പ്രധാന ബിസിനസ്സ് സ്ഥലത്ത് പതിച്ചോ; അല്ലെങ്കിൽ

(iv) മേൽപ്പറഞ്ഞ (i) മുതൽ (iii) വരെ ഇനങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും രീതിയിൽ അപ്രകാരമുള്ള സമൻസ്, നോട്ടീസ്, മുതലായവ നൽകുന്നതിൽ വീഴ്ച വരുത്തുന്ന സംഗതിയിൽ, പ്രദേശത്ത് വ്യാപകമായി പ്രചാരണമുള്ള ഒരു പ്രമുഖ മലയാളം ദിനപത്രത്തിലും ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും പ്രസിദ്ധപ്പെടുത്തിയോ:

എന്നാൽ,—

(എ) നൽകേണ്ട കക്ഷി ഒരു രജിസ്റ്റർ ചെയ്ത കമ്പനി, ഒരു പങ്കാളിത്ത സ്ഥാപനം അല്ലെങ്കിൽ ഒരു ഏകാംഗീകൃത നികായം, ഒരു തദ്ദേശാധികാരസ്ഥാനം, ഒരു സൊസൈറ്റി അല്ലെങ്കിൽ മറ്റ് നികായം ആകുന്ന സംഗതിയിൽ, ആ പങ്കാളിത്ത സ്ഥാപനത്തിന്റെയോ കമ്പനിയുടെയോ അധികാര സ്ഥാനത്തിന്റെയോ സംഘടനയുടെയോ പ്രധാന ഉദ്യോഗസ്ഥന് നൽകേണ്ടതും അത് അങ്ങനെയുള്ള പങ്കാളിത്ത സ്ഥാപനത്തിന്റെ, കമ്പനിയുടെ, അധികാരസ്ഥാനത്തിന്റെ അല്ലെങ്കിൽ സംഘടനയുടെ ഓരോ ഡയറക്ടർക്കും പങ്കാളിക്കും അംഗത്തിനും, അതതു സംഗതിപോലെ, യഥാവിധി നൽകിയതായി കരുതപ്പെടുന്നതുമാണ്;

(ബി) നൽകേണ്ടതായ കക്ഷി പ്രായപൂർത്തിയാകാത്ത ഒരാളോ മാനസിക വിഭ്രാന്തിയുള്ളതോ ആയ ഒരാൾ ആകുന്ന സംഗതിയിൽ അത് അയാളുടെ രക്ഷാകർത്താവിന് നൽകേണ്ടതാണ്.

36. <u>പൊതു നോട്ടീസുകൾ.</u>—ഈ ആക്റ്റിൻ കീഴിൽ നൽകുന്ന ഓരോ പൊതുനോട്ടീസും രേഖാമൂലമുള്ളതും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പോടുകൂടിയതുമായിരിക്കേണ്ടതും അതോറിറ്റിയുടെ നോട്ടീസ് ബോർഡിൽ പകർപ്പുകൾ പതിച്ചുകൊണ്ട് പ്രസിദ്ധപ്പെടുത്തേണ്ടതും ആ പ്രദേശത്ത് വ്യാപകമായി പ്രചാരമുള്ള ഒരു പ്രമുഖ മലയാളദിനപത്രത്തിലും ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

37. <u>സമൻസുകൾ, നോട്ടീസുകൾ മുതലായവയ്ക്ക് ന്യായമായ സമയം നിശ്ചയിക്കേണ്ടതാണെന്ന്.</u>—ഈ ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലോ റഗുലേഷനുകളിലോ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ ഈ ആക്റ്റിൻകീഴിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലോ റെഗുലേഷനിലോ നൽകിയിട്ടുള്ളതോ ആയ ഏതെങ്കിലും സമൻസോ നോട്ടീസോ ഉത്തരവോ മറ്റ് രേഖകളോ പ്രകാരം എന്തെങ്കിലും ചെയ്യേണ്ടതായി ആവശ്യമായാൽ, ആയത് ചെയ്യുന്നതിനായി അങ്ങനെയുള്ള സമൻസ്, നോട്ടീസ്, ഉത്തരവ് അല്ലെങ്കിൽ മറ്റുരേഖകളിൽ ഒരാഴ്ചയിൽ കുറയാത്ത ഒരു സമയം വ്യക്തമാക്കേണ്ടതാണ്.

38. അംഗങ്ങളും ഉദ്യോഗസ്ഥരും പബ്ലിക് സർവന്റുമാരായിരിക്കുമെന്ന്.—അതോറിറ്റിയിലെ ഓരോ അംഗവും ഓരോ ഉദ്യോഗസ്ഥനും മറ്റ് ജീവനക്കാരും 1860-ലെ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയ്ക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റ് ആയി കരുതപ്പെടേണ്ടതാണ്.

39. ഏൽപ്പിച്ചുകൊടുക്കുന്നതിനുള്ള അധികാരം.—അതോറിറ്റിക്ക്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിൻ കീഴിൽ അതിനോ അതിന്റെ ഏതെങ്കിലും ഓഫീസർമാർക്കോ വിനിയോഗിക്കാവുന്നതായ, റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരമൊഴികെയുള്ള, ഏത് അധികാരവും ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

40. മറ്റു നിയമങ്ങളുടെ പ്രഭാവം.—(1) ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് അർബൻ മൊബിലിറ്റി പ്രദേശത്തിനുള്ളിൽ പ്രഭാവമുണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾക്ക് അനുസൃതമായി അർബൻ മൊബിലിറ്റി പ്രദേശത്ത് ഏറ്റെടുക്കുന്ന വികസനങ്ങൾ, സംസ്ഥാന നിയമസഭ ഉണ്ടാക്കിയ മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകളിൻ കീഴിൽ ആവശ്യമായിട്ടുള്ള ഏതെങ്കിലും അനുമതിയോ അംഗീകാരമോ അനുവാദമോ അപ്രകാരമുള്ള വികസനത്തിന് മുമ്പ് നേടിയിട്ടില്ല എന്ന കാരണത്താൽ മാത്രം നിയമവിരുദ്ധമായി ഏറ്റെടുത്തതായി കരുതപ്പെടാൻ പാടില്ലാത്തതാണ്.

41. മറ്റ് നിയമങ്ങൾ അർബൻ മൊബിലിറ്റി പ്രദേശത്ത് ബാധകമാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് അതോറിറ്റിക്ക് അപേക്ഷിക്കാമെന്ന്.—തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും ആക്റ്റിലെയോ, സർക്കാരോ അങ്ങനെയുള്ള മറ്റ് അധികാരസ്ഥാനമോ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ ബൈലാകളിലെയോ വ്യവസ്ഥകൾ ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നപക്ഷം, അത് അർബൻ മൊബിലിറ്റി പ്രദേശത്തിനുള്ളിൽ ബാധകമാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുവാൻ അതോറിറ്റിക്ക് സംസ്ഥാന സർക്കാരിനോടോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മറ്റേതെങ്കിലും അധികാരസ്ഥാനത്തിനോടോ അപേക്ഷിക്കാവുന്നതാണ്.

42. വ്യവഹാരങ്ങളുടെ നോട്ടീസും കാലഹരണ കാലയളവും.—(1) ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടമോ റെഗുലേഷനോ

പ്രകാരമോ ചെയ്തതായി കരുതപ്പെടുന്ന ഏതെങ്കിലും കാര്യങ്ങൾ സംബന്ധിച്ച് അതോറിറ്റിക്കോ ഏതെങ്കിലും അംഗത്തിനോ അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റ് ജീവനക്കാർക്കോ അതോറിറ്റിയുടെയോ ഏതെങ്കിലും അംഗത്തിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ മറ്റ് ജീവനക്കാരന്റെയോ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾക്കോ എതിരെ യാതൊരു വ്യവഹാരവും അതോറിറ്റിക്കോ, അങ്ങനെയുള്ള അംഗത്തിനോ, ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആൾക്കോ രേഖാമൂലമുള്ള നോട്ടീസ് നൽകുന്ന തീയതി മുതൽ രണ്ട് മാസം കഴിയാതെയും അങ്ങനെയുള്ള നോട്ടീസിൽ വ്യവഹാര കാരണത്തിന്റെയും ആവശ്യപ്പെടുന്ന നിവൃത്തിയുടെയും അവകാശം ഉന്നയിക്കുന്ന നഷ്ടപരിഹാരത്തുക യുടെയും സ്വഭാവവും വാദിയാകാൻ ഉദ്ദേശിക്കുന്ന ആളിന്റെ പേര്, താമസസ്ഥലം എന്നിവയും വ്യക്തമായി കാണിക്കാതെയും അങ്ങനെയുള്ള നോട്ടീസ് നൽകിയതായുള്ള പ്രസ്താവന അന്യായത്തിൽ ഇല്ലാതെയോ ഫയൽ ചെയ്യാൻ പാടുള്ളതല്ല.

(2) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്ഥാവര വസ്തുക്കൾ തിരിച്ചു കിട്ടുന്നതിനു വേണ്ടിയോ അതിന്റെ ഉടമസ്ഥാവകാശം പ്രഖ്യാപിച്ചുകിട്ടുന്നതിനു വേണ്ടിയോ ഉള്ള വ്യവഹാരം അല്ലാതെ, (1)-ാം ഉപവകുപ്പിൽ പറഞ്ഞപ്രകാരമുള്ള യാതൊരു വ്യവഹാരവും വ്യവഹാര കാരണം ഉത്ഭവിച്ച തീയതിമുതൽ ആറുമാസങ്ങൾക്കുശേഷം ആരംഭിക്കുവാൻ പാടില്ലാത്തതാകുന്നു.

(3) ഒരു വ്യവഹാരത്തിൽ ആവശ്യപ്പെടുന്ന ഏക നിവൃത്തി ഒരു നിരോധന ഉത്തരവായിരിക്കുകയും ആയതിന്റെ ലക്ഷ്യം നോട്ടീസ് നൽകുന്നതിലൂടെയോ വ്യവഹാരം ഫയൽ ചെയ്യുന്നത് നീട്ടിവയ്ക്കുന്നതിലൂടെയോ വ്യർത്ഥമാക്കപ്പെടുകയും ചെയ്യുന്ന ഒരു വ്യവഹാരത്തിന് (1)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും ബാധകമാകുന്നതായി കരുതപ്പെടുന്നതല്ല.

43. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) 5-ാം വകുപ്പു പ്രകാരമുള്ള ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവനവ്യവസ്ഥകളും;

(ബി) 6-ാം വകുപ്പു പ്രകാരം അംഗങ്ങളുടെ രാജി, നീക്കം ചെയ്യൽ, സസ്പെൻഷൻ എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾ;

(സി) 12-ാം വകുപ്പു പ്രകാരം അതോറിറ്റി നിർവഹിക്കേണ്ടതായ മറ്റ് കർത്തവ്യങ്ങളും ചുമതലകളും;

(ഡി) 13-ാം വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പ്ലാനുകളുടെ മാതൃകയും ഉള്ളടക്കവും അങ്ങനെയുള്ള പ്ലാനുകൾ തയ്യാറാക്കുന്നതും സമർപ്പിക്കുന്നതും അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമവും അങ്ങനെയുള്ള പ്ലാനുകളുമായി ബന്ധപ്പെട്ട നോട്ടീസിന്റെ മാതൃകയും അത് പ്രസിദ്ധീകരിക്കേണ്ട രീതിയും;

(ഇ) 15-ാം വകുപ്പുപ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയപരിധി;

(എഫ്) 17-ാം വകുപ്പു പ്രകാരമുള്ള അതോറിറ്റിയുടെ മറ്റ് അധികാരങ്ങൾ;

(ജി) 18-ാം വകുപ്പുപ്രകാരം നിധിയിലേക്ക് തുക അടയ്ക്കുന്നതിനും അതിൽ നിന്നും തുക ഉപയോഗിക്കുന്നതിനും ഉള്ള രീതിയും ഉപാധികളും;

(എച്ച്) 24-ാം വകുപ്പു പ്രകാരം അതോറിറ്റി തയ്യാറാക്കേണ്ട ബഡ്ജറ്റിന്റെ മാതൃകയും സമയപരിധിയും പകർപ്പുകളുടെ എണ്ണവും;

(ഐ) 33-ാം വകുപ്പുപ്രകാരമുള്ള രാജിയാക്കൽ ഫീസും തുകയുടെ കൈപ്പറ്റ് രസീതിന്റെ മാതൃകയും;

(ജെ) ഈ ആക്റ്റ്പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യങ്ങൾക്കും.

44. റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—അതോറിറ്റിക്ക്, സംസ്ഥാന സർക്കാരിന്റെ അനുവാദത്തോടുകൂടി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും പൊരുത്തപ്പെട്ടുകൊണ്ടും ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതും മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ഭംഗം വരാതെ അങ്ങനെയുള്ള റെഗുലേഷനുകളിൽ,—

(എ) 8-ാം വകുപ്പു പ്രകാരം അതോറിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും പൊതുവായ ഭരണനിർവ്വഹണത്തിനുമുള്ള നടപടിക്രമങ്ങളും അതോറിറ്റിയിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ, പ്രൊഫഷണലുകൾ, സഹായക ജീവനക്കാർ എന്നിവരുടെ നിയമനത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും;

(ബി) 9-ാം വകുപ്പു പ്രകാരം അതോറിറ്റിയുടെ യോഗം സംബന്ധിച്ച നടപടിക്രമങ്ങൾ;

(സി) 10-ാം വകുപ്പു പ്രകാരം രൂപീകരിച്ച സമിതി പാലിക്കേണ്ട നടപടിക്രമങ്ങളും സമിതിയുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും;

(ഡി) അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശമ്പളം, ബത്തകൾ, ഗ്രാറ്റുവിറ്റികൾ, സേവന വ്യവസ്ഥകൾ എന്നിവയും അവരുമായി ബന്ധപ്പെട്ട അച്ചടക്ക നടപടികാര്യങ്ങളും;

(ഇ) 16-ാം വകുപ്പു പ്രകാരം അതോറിറ്റി കരാറുകളിലും ക്രമീകരണങ്ങളിലും ഏർപ്പെടുന്നതിനുള്ള നടപടിക്രമം;

(എഫ്) റെഗുലേഷനുകൾവഴി നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതെങ്കിലും സംഗതി;

എന്നിവ വ്യവസ്ഥ ചെയ്യാവുന്നതാണ്.

45. <u>ചട്ടങ്ങളും റെഗുലേഷനുകളും നിയമസഭമുമ്പാകെ വയ്ക്കണമെന്ന്.</u>—ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും റെഗുലേഷനും അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ചട്ടത്തിലോ റെഗുലേഷനിലോ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടമോ റെഗുലേഷനോ ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിനോ റെഗുലേഷനോ അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ, അതതു സംഗതിപോലെ, ആ ചട്ടമോ റെഗുലേഷനോ പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

46. <u>നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം.</u>—(1) ഈ ആക്റ്റിന്റെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ, അതോറിറ്റി, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ, വിനിയോഗിക്കുന്നതിലോ ചുമതലകൾ നിർവ്വഹിക്കുന്നതിലോ, സാങ്കേതികമായോ ഭരണപരമായോ അവയുമായി ബന്ധപ്പെട്ടതല്ലാതെയുള്ള കാര്യങ്ങൾക്ക് ഒഴികെ,

സംസ്ഥാന സർക്കാർ അതതു സമയം രേഖാമൂലം നൽകിയേക്കാവുന്ന നയപരമായ പ്രശ്നങ്ങളിൻമേലുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു പ്രശ്നം നയപരമായ ഒന്നാണോ അല്ലയോ എന്നത് സംബന്ധിച്ച് ഒരു വിഷയം ഉണ്ടാകുന്ന സംഗതിയിൽ, അതിൻമേലുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(3) അതോറിറ്റിയും മറ്റ് അധികാര സ്ഥാനങ്ങളുമായോ തദ്ദേശസ്ഥാപനങ്ങളുമായോ ഏകാംഗീകൃത നികായങ്ങളുമായോ വകുപ്പുമായോ സർക്കാരിന്റെ മറ്റ് ഏജൻസികളുമായോ ഒരു തർക്കം ഉണ്ടാകുന്ന സംഗതിയിൽ ആ കാര്യം സംസ്ഥാന സർക്കാർ തലത്തിൽ തീർപ്പാക്കേണ്ടതും അതിൻമേലുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും അങ്ങനെയുള്ള തർക്കത്തിൽ ഉറ്റപ്പെട്ടിട്ടുള്ള കക്ഷികൾ അങ്ങനെയുള്ള തീരുമാനം പാലിക്കുന്നതിന് ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്:

എന്നാൽ, ഈ വകുപ്പ് പ്രകാരം ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ ഏതെങ്കിലും തർക്കവുമായി ബന്ധപ്പെട്ട യാതൊരു ഉത്തരവും സംസ്ഥാന സർക്കാർ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

47. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് വഴി, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ രണ്ടു വർഷക്കാലയളവിനുശേഷം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

## പട്ടിക I

[2(ഒ) വകുപ്പ് കാണുക]

### നഗരഗതാഗതം

അർബൻ മൊബിലിറ്റി പ്രദേശത്തിനുള്ളിൽ നിശ്ചിത തട്ടുകളിലും നിശ്ചിത പട്ടിക പ്രകാരവും ഓപ്പറേറ്റ് ചെയ്യുന്നതും അംഗീകൃത യാത്രാക്കൂലി നല്കുന്ന എല്ലാ ആളുകൾക്കും ഉപയോഗിക്കുന്നതിനുവേണ്ടി അർബൻ മൊബിലിറ്റി പ്രദേശത്ത്

ലഭ്യമായിട്ടുള്ള വിവിധതരത്തിലുള്ള ഗതാഗതം നഗരഗതാഗതത്തിൽ ഉൾപ്പെടുന്നതും അതിൽ താഴെപ്പറയുന്ന പ്രവർത്തന വിഭാഗങ്ങൾ ഉൾപ്പെടുന്നതുമാകുന്നു:—

(എ) ബസ്സുകൾ

(ബി) ട്രാംവേകൾ

(സി) മെട്രോ റെയിൽവേ

(ഡി) ഇലക്ട്രിക് ട്രോളി ബസ്

(ഇ) കേബിൾ കാർ

(എഫ്) മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം

(ജി) ലൈറ്റ് റെയിൽ ട്രാൻസിറ്റ്

(എച്ച്) ഇന്റർ-സിറ്റി റെയിൽവേകൾ

(ഐ) ഇന്ധനമോ, ചലിക്കുന്നവിധമോ കണക്കിലെടുക്കാതെ, ബഹുജന ഗതാഗത ആവശ്യം നിറവേറ്റുന്നതായ മറ്റേതെങ്കിലും സംവിധാനം.

## പട്ടിക II

[2 (പി) വകുപ്പ് കാണുക]

## നഗരഗതാഗത അനുബന്ധ സേവനങ്ങൾ

1. 'സമാന്തര വാഹനയാത്ര' എന്നതിൽ അർബൻ മൊബിലിറ്റി പ്രദേശത്തിനുള്ളിൽ ഓപ്പറേറ്റർമാർ ഏർപ്പെടുത്തുന്നതും ഒരു യാത്രയ്ക്കും അനേകയാത്രകൾക്കും വാടകയടിസ്ഥാനത്തിൽ ആളുകൾക്ക് ലഭ്യമാകുന്നതുമായ,—

(എ) ഓട്ടോ റിക്ഷകൾ/ഷെയേർഡ് ഓട്ടോ റിക്ഷകൾ/ഇ-റിക്ഷകൾ;

(ബി) ടാക്സി കാബ്സ്, ഹയർ എ കാബ് അല്ലെങ്കിൽ ഷെയേർഡ് ടാക്സി;

(സി) മിനി ബസ്/വാനുകൾ;

(ഡി) ഒരു അഗ്രഗേറ്ററുടെ കീഴിൽ ഓപ്പറേറ്റ് ചെയ്യുന്ന ഏതെങ്കിലും ട്രാൻസ്പോർട്ട് വാഹനം;

(ഇ) ഇന്ധനവും, ചലിക്കുന്ന വിധവും കണക്കിലെടുക്കാതെ, സമാന്തര വാഹനയാത്രയുടെ ആവശ്യം നിറവേറ്റുന്ന മറ്റേതെങ്കിലും തരത്തിലുള്ളവ; തുടങ്ങിയ സംവിധാനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു.

2. 'യന്ത്രവൽകൃതമല്ലാത്ത ഗതാഗതരീതി' എന്നതിൽ നടത്തവും സൈക്കിളും സൈക്കിൾറിക്ഷയും ചലിക്കുന്നതിന് ഇന്ധനം ഉപയോഗിക്കാത്തതും മലിനീകരണം ഉണ്ടാക്കാത്തതുമായ മറ്റ് ഹരിത രീതിയിലുള്ള ഗതാഗതവും ഉൾപ്പെടുന്നതാകുന്നു.

3. നഗര ചരക്ക് ഗതാഗതം:—ചരക്കു വാഹനങ്ങളുടെ നീക്കം നടത്തുന്നതിന്റെ പ്രാഥമികമായ ആവശ്യം അർബൻ മൊബിലിറ്റി പ്രദേശത്തിനകത്തേക്കും പുറത്തേക്കും സാധനങ്ങളും ചരക്കുകളും കൊണ്ടു പോകുക എന്നതാണ്.

4. ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം എന്നാൽ അർബൻ മൊബിലിറ്റി പ്രദേശത്തെ ഗതാഗതത്തിന്റെയും എല്ലാ ഗതാഗതസംവിധാനങ്ങളുടെയും മെച്ചപ്പെട്ട നടത്തിപ്പിനും ഏകോപനത്തിനും സംയോജനത്തിനും സഹായകമായ സാങ്കേതികാടിസ്ഥാനത്തിലുള്ള യഥാർത്ഥസമയ സംവിധാനം ആകുന്നതും, അതിൽ,—

(എ) യാത്രക്കാർക്ക് വിവരങ്ങൾ നൽകുവാനുള്ള സംവിധാനം

(ബി) വാഹന മുൻഗണനാക്രമീകരണം

(സി) ഇലക്ട്രോണിക് ഫീസ്/യൂസർചാർജ്ജ്, യാത്രാക്കൂലി സമാഹരണം

(ഡി) ഇലക്ട്രോണിക് റോഡ് പ്രൈസിങ്

(ഇ) ഓപ്പറേഷൻസ് മാനേജ്മെന്റ്

(എഫ്) സുരക്ഷിതത്വവും സുരക്ഷയും

(ജി) ട്രാഫിക് മാനേജ്മെന്റും നിയന്ത്രണവും

(എച്ച്) ട്രാഫിക് നിരീക്ഷണം, ഓൺലൈൻ വിവര സംവിധാനം മുതലായവ ഉൾപ്പെടുന്നതുമാണ്.

(ഐ) മലിനീകരണ നിയന്ത്രണം സംബന്ധിച്ച് ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളെ സഹായിക്കൽ.

5. 'പാർക്കിംഗിനുള്ള അടിസ്ഥാന സൗകര്യം' എന്നതിൽ പ്രയോഗിച്ച സാങ്കേതിക വിദ്യയുടെ തരം കണക്കിലെടുക്കാതെ ഉപരിതലത്തിലും, ചെറു നിരത്തിലും, വിവിധതലങ്ങളിലുമുള്ള പാർക്കിംഗ് ഉൾപ്പെടുന്നതും അതിൽ അതിന്റെ നടത്തിപ്പും നടപ്പിലാക്കലും ഉൾപ്പെടുന്നതുമാകുന്നു.

6. അർബൻ മൊബിലിറ്റി പ്രദേശത്തെ റോഡുകളും സ്ട്രീറ്റ് ഫർണിച്ചർ, നഗരയിടങ്ങളുടെ നിർമ്മാണം മുതലായവ ഉൾപ്പെടെ ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേന്ദ്രസർക്കാരിന്റെ നഗരവികസന മന്ത്രാലയം 5181.79 കോടി രൂപ ചെലവ് വരുന്ന കൊച്ചി മെട്രോറെയിൽ പദ്ധതിക്ക്, ചില വ്യവസ്ഥകൾക്കും സ്ഥിരധനസമാഹരണ നിർദ്ദേശങ്ങൾക്കും വിധേയമായി, 2012 ജൂലൈയിൽ അനുമതി നൽകിയിട്ടുള്ളതാണ്.

2. യന്ത്രവൽക്കൃതമല്ലാത്തതുൾപ്പെടെയുള്ള വിവിധ ഗതാഗത സംവിധാനങ്ങളുടെ ഏകോപനം, പാർക്കിംഗിന് വേണ്ടി സ്ഥലം ഏർപ്പെടുത്തൽ, ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റത്തിൽ അധിഷ്ഠിതമായ എല്ലാ ഗതാഗത സംവിധാനങ്ങൾക്കും യോജിച്ചതും ഏകോപിപ്പിച്ചതുമായ ടിക്കറ്റ് വിതരണ സംവിധാനം, നഗര ഗതാഗത സേവനം മെച്ചപ്പെടുത്തൽ മുതലായവ ഏർപ്പെടുത്തേണ്ടതാണെന്ന് കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നല്കിയപ്പോഴും കേന്ദ്ര സർക്കാരും കൊച്ചി മെട്രോ റെയിലും കേരള സർക്കാരും തമ്മിൽ ത്രികക്ഷി ധാരണാപത്രം ഒപ്പു വച്ചപ്പോഴും ഉൾപ്പെടുത്തിയ വ്യവസ്ഥകളായിരുന്നു. കൂടാതെ, ഏകീകൃതമായ ഗതാഗതമാർഗ്ഗങ്ങൾ ഏർപ്പെടുത്തുക എന്നത് വിദേശ ധനകാര്യ ഏജൻസികളും മുന്നോട്ടുവച്ച ഒരു നിബന്ധനയായിരുന്നു. കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് മേൽപ്പറഞ്ഞ ലക്ഷ്യങ്ങളോടു കൂടിയ ഒരു നിയമാധിഷ്ഠിത സംവിധാനം വളരെ അത്യാവശ്യമായിട്ടുള്ളതാണ്. കൂടാതെ, കേന്ദ്ര സർക്കാരിന്റെ 2017-ലെ മെട്രോ റെയിൽ പോളിസിയിൽ മെട്രോപദ്ധതികൾ നടപ്പാക്കുന്ന നഗരങ്ങളിൽ അർബൻ മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (UMTA) അടിയന്തരമായി രൂപീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അതിനാൽ കേരള സംസ്ഥാനത്തെ അർബൻ മൊബിലിറ്റി പ്രദേശങ്ങളിലെ നഗരഗതാഗതത്തിന്റെ ആസൂത്രണം, മേൽനോട്ടം, ഏകോപനം, വികസനം, നിയന്ത്രണം എന്നിവയ്ക്കും അത്തരത്തിലുള്ള നഗരഗതാഗത പ്രദേശങ്ങളിലുള്ള ഗതാഗത അനുബന്ധ സേവനങ്ങൾക്കും വേണ്ടി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

3. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഓരോ അർബൻ മൊബിലിറ്റി പ്രദേശത്തിനും വേണ്ടി പ്രത്യേകം മെട്രോ പോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ രൂപീകരിക്കാവുന്നതാണെന്ന് ബില്ലിലെ 3-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. ഓരോ അതോറിറ്റിയിലും ഔദ്യോഗിക അംഗങ്ങളും അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

2. മേൽ പ്രസ്താവിച്ച പ്രകാരം ഓരോ മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയും സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ചെലവിനായും ഓഫീസ് ആരംഭിക്കുന്നതിനായും ഏകദേശം 18 ലക്ഷം രൂപയും ഓഫീസിലേക്ക് ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 23 ലക്ഷം രൂപ അനാവർത്തക ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ, ഓരോ ഓഫീസും പ്രവർത്തിക്കുന്നതിനുള്ള പ്രതിവർഷ കെട്ടിട വാടകയിനത്തിൽ ഏകദേശം 5 ലക്ഷം രൂപയും മറ്റ് ഓഫീസ് ചെലവുകൾക്കായി ഏകദേശം 12 ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു.

3. അതോറ്റിയുടെ യോഗം, മറ്റ് നടപടികൾ എന്നിവയുമായി ബന്ധപ്പെട്ട് അതോറിറ്റിയുടെ ഔദ്യോഗിക അംഗങ്ങൾ, അനൗദ്യോഗിക അംഗങ്ങൾ എന്നിവരുടെ ബത്തകളും മറ്റ് ആനുകൂല്യങ്ങളുമായി ഏകദേശം 3 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

4. ഓരോ അതോറിറ്റിയിലും ആവശ്യമായി വരുന്ന ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിനും അതോറിറ്റിക്ക് ആവശ്യമെന്ന് തോന്നുന്നപക്ഷം അതതുസമയങ്ങളിൽ കരാറടിസ്ഥാനത്തിൽ വിദഗ്ദ്ധരെയോ വിദഗ്ദ്ധരുടെ സംഘടനയെയോ നിയമിക്കാവുന്നതാണ് എന്ന് ബില്ലിലെ 8-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. ഈ ഖണ്ഡ പ്രകാരം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും മറ്റ് കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരുടെയും ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക് പ്രതിവർഷം ഏകദേശം 11 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

5. 'നഗരഗതാഗത നിധി' എന്ന പേരിൽ ഒരു നിധി രൂപീകരിക്കുന്നതിന് ബില്ലിലെ 18-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത നിധിയിലേക്ക് സംസ്ഥാന സർക്കാർ ഗ്രാന്റുകൾ അനുവദിക്കുന്നതിനും സംസ്ഥാന സർക്കാർ പ്രത്യേകം വകയിരുത്തി നൽകാവുന്ന സ്പെഷ്യൽ പ്രോജക്ട് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിനും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, ഇതിലേക്കായി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും സർക്കാർ നൽകിയേക്കാവുന്ന തുക ഈ ഘട്ടത്തിൽ കണക്കാക്കുവാൻ സാധിക്കുന്നതല്ല. അതുപോലെ, സമഗ്ര ഗതാഗത പദ്ധതി പോലെയുള്ള പദ്ധതികൾ സംബന്ധിച്ച പഠനങ്ങൾക്കാവശ്യമായ തുകയും ഇപ്പോൾ കണക്കാക്കുവാൻ സാധിക്കുന്നതല്ല.

6. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ഏകദേശം 31 ലക്ഷം രൂപയുടെ ആവർത്തക ചെലവും ഏകദേശം 23 ലക്ഷം രൂപയുടെ അനാവർത്തക ചെലവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഓരോ അതോറിറ്റിക്കും അതിന്റേതായ നിധിയിൽ നിന്നും ചെലവിന് ആവശ്യമായ തുക കണ്ടെത്താൻ പിന്നീട് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ആക്റ്റിന്റെ പ്രാരംഭതീയതി നിശ്ചയിച്ചുകൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാൻ ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. വിജ്ഞാപനം ചെയ്യപ്പെട്ട ഓരോ അർബൻ മൊബിലിറ്റി പ്രദേശത്തിനും വേണ്ടി അങ്ങനെയുള്ള അർബൻ മൊബിലിറ്റി പ്രദേശത്തിന്റെ കീഴിൽ വരുന്ന ഒരു മുഖ്യപ്രദേശത്തിന്റെ പേര് ആദ്യം ചേർത്തുകൊണ്ട് 'മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി' എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിച്ചുകൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവനവ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 5-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. അംഗങ്ങളുടെ രാജി, നീക്കം ചെയ്യൽ, സസ്പെൻഷൻ എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾ നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 6-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 8-ാം ഖണ്ഡം അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മറ്റ് ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർക്ക് നല്കേണ്ട ശമ്പളം, ബത്തകൾ, സേവനവ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് റെഗുലേഷനുകൾ ഉണ്ടാക്കുവാൻ അതോറിറ്റിയെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 9-ാം ഖണ്ഡം അതോറിറ്റിയുടെ യോഗം സംബന്ധിച്ച് സമിതി പാലിക്കേണ്ട നടപടിക്രമങ്ങളും സമിതിയുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും സംബന്ധിച്ച് റെഗുലേഷനുകൾ ഉണ്ടാക്കുവാൻ അതോറിറ്റിയെ അധികാരപ്പെടുത്തുന്നു.

7. അതോറിറ്റികൾ നിയമിക്കുന്ന സമിതികൾ പാലിക്കേണ്ട നടപടിക്രമങ്ങളും സമിതികളുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങൾക്കും റെഗുലേഷനുകൾ ഉണ്ടാക്കുവാൻ ബില്ലിലെ 10-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം അതോറിറ്റിയെ ചുമതലപ്പെടുത്തുന്നു.

8. 11-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ പറയുന്ന അർബൻ മൊബിലിറ്റി പ്രദേശത്തിനുപുറമെ മറ്റേതൊരു പ്രദേശത്തെയും അർബൻ മൊബിലിറ്റി പ്രദേശമായി

പ്രഖ്യാപിച്ചുകൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ബില്ലിലെ 11-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. അതോറിറ്റി നിർവ്വഹിക്കേണ്ടതായ മറ്റ് കർത്തവ്യങ്ങളും ചുമതലകളും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 12-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. അർബൻ മൊബിലിറ്റി പ്രദേശത്തിനുവേണ്ടി തയ്യാറാക്കുന്ന സമഗ്ര മൊബിലിറ്റി പ്ലാനുകൾ പ്രസിദ്ധീകരിക്കേണ്ടരീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 13-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

11. ആക്റ്റിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട ഏതെങ്കിലും ക്രമക്കേടുകളും ആൺജാലംഘനങ്ങളും സംബന്ധിച്ച് അതോറിറ്റി നടത്തുന്ന അന്വേഷണത്തിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയപരിധി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 15-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. കരാറുകളും ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടിക്രമത്തെ സംബന്ധിച്ച് റെഗുലേഷനുകൾ ഉണ്ടാക്കുവാൻ ബില്ലിലെ 16-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം അതോറിറ്റിയെ ചുമതലപ്പെടുത്തുന്നു.

13. അതോറിറ്റിയുടെ മറ്റ് അധികാരങ്ങൾ നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ പുറപ്പെടുവിക്കാൻ ബില്ലിന്റെ 17-ാം ഖണ്ഡം (എൽ) ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

14. 18-ാം ഖണ്ഡം പ്രകാരം രൂപീകരിക്കുന്ന നഗരഗതാഗത നിധിയിലേക്ക് തുക അടയ്ക്കുന്നതിനും അതിൽ നിന്നും തുക ഉപയോഗിക്കുന്നതിനും ഉള്ള രീതിയും വ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 18-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

15. അതോറിറ്റിയുടെ ബഡ്ജറ്റിന്റെ മാതൃകയും അത് തയ്യാറാക്കേണ്ടതിന്റെ രീതിയും സമയവും സർക്കാരിന് അയച്ചുകൊടുക്കേണ്ട പകർപ്പുകളുടെ എണ്ണവും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 24-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

16. ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഈ ആക്റ്റിലെയോ ചട്ടങ്ങളുടെയോ റെഗുലേഷനുകളുടെയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം രാജിയാക്കുന്നതിനുള്ള രാജിയാക്കൽ ഫീസും തുകയുടെ കൈപ്പറ്റ് രസീതിന്റെ മാതൃകയും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനും രാജിയാക്കലിനുള്ള

ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും ബില്ലിലെ 33-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

17. റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം ഒഴികെയുള്ള ഏത് അധികാരവും ഏൽപ്പിച്ചു കൊടുത്തുകൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ബില്ലിലെ 39-ാം ഖണ്ഡം അതോറിറ്റിയെ അധികാരപ്പെടുത്തുന്നു.

18. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി, വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 43-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

19. ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം വഴി റെഗുലേഷനുകൾ ഉണ്ടാക്കുവാൻ ബില്ലിലെ 44-ാം ഖണ്ഡം അതോറിറ്റിയെ അധികാരപ്പെടുത്തുന്നു.

20. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങളും റെഗുലേഷനുകളും ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങളും റെഗുലേഷനുകളും പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എ. കെ. ശശീന്ദ്രൻ

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ഈ ആക്റ്റിലെ ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുവാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3-ാം ഖണ്ഡം.— 'മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി' എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

4-ാം ഖണ്ഡം.—അതോറിറ്റിയിലെ അംഗങ്ങൾക്ക് ചില താൽപ്പര്യങ്ങൾ ഉണ്ടാകരുതെന്ന് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

5-ാം ഖണ്ഡം.—അതോറിറ്റിയുടെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവനവ്യവസ്ഥകളും വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

6-ാം ഖണ്ഡം.—അതോറിറ്റിയിലെ അംഗങ്ങളുടെ രാജി, നീക്കം ചെയ്യൽ അല്ലെങ്കിൽ സസ്പെൻഷൻ എന്നിവ വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

7-ാം ഖണ്ഡം.—അതോറിറ്റിയുടെ ചെയർപേഴ്സന്റെ അധികാരങ്ങൾ സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

8-ാം ഖണ്ഡം.—അതോറിറ്റിയുടെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും നിയമനം സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

9-ാം ഖണ്ഡം.—അതോറിറ്റിയുടെ യോഗങ്ങൾ സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

10-ാം ഖണ്ഡം.—അതോറിറ്റി സമിതികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

11-ാം ഖണ്ഡം.—അർബൻ മൊബിലിറ്റി പ്രദേശങ്ങൾ പ്രഖ്യാപിക്കുന്നതും അവയുടെ അതിരുകൾ വ്യത്യാസപ്പെടുത്തുന്നതും സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

12-ാം ഖണ്ഡം.—അതോറിറ്റി നിർവ്വഹിക്കേണ്ടതായ കർത്തവ്യങ്ങളും ചുമതലകളും ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

13-ാം ഖണ്ഡം.—അർബൻ മൊബിലിറ്റി പ്രദേശത്തിനുവേണ്ടി സമഗ്ര മൊബിലിറ്റി പ്ലാൻ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

14-ാം ഖണ്ഡം.—അതോറിറ്റിക്ക് സമഗ്രമൊബിലിറ്റി പ്ലാൻ നടപ്പിലാക്കുന്നതിനും സ്കീമുകൾ രൂപീകരിക്കുന്നതിനുമുള്ള അധികാരം ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

15-ാം ഖണ്ഡം.—അതോറിറ്റിക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും അന്വേഷണത്തിന് ഉത്തരവിടുന്നതിനും ശിപാർശ ചെയ്യുന്നതിനുമുള്ള അധികാരം ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

16-ാം ഖണ്ഡം.—അതോറിറ്റിക്ക് പൊതുഗതാഗത സൗകര്യവും ഗതാഗത സംവിധാനവും വികസിപ്പിക്കുന്നതിനായി കരാറിൽ ഏർപ്പെടാനുള്ള അധികാരം ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

17-ാം ഖണ്ഡം.—അതോറിറ്റിക്കുള്ള പൊതുവായ അധികാരങ്ങൾ ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

18-ാം ഖണ്ഡം.—ഓരോ മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിക്കും വേണ്ടി രൂപീകരിക്കേണ്ട 'നഗരഗതാഗത നിധി' സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

19-ാം ഖണ്ഡം.—അതോറിറ്റിക്ക് സ്വീകരിക്കാവുന്ന ഗ്രാന്റുകളും വായ്പകളും അഡ്വാൻസുകളും സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

20-ാം ഖണ്ഡം.—പലിശ അടയ്ക്കുന്നതിനും വായ്പകൾ തിരിച്ചടയ്ക്കുന്നതിനും ഉള്ള മുൻഗണന സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

21-ാം ഖണ്ഡം.—അതോറിറ്റിയുടെ, ധനസമാഹരണത്തിനുള്ള അധികാരം സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

22-ാം ഖണ്ഡം.—അതോറിറ്റി വഴിയുള്ള ഗ്രാന്റുകളും വായ്പകളും അഡ്വാൻസുകളും സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

23-ാം ഖണ്ഡം.—അതോറിറ്റി സൂക്ഷിച്ചുപോരേണ്ട ഋണമോചന നിധി സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

24-ാം ഖണ്ഡം.—അതോറിറ്റിയുടെ ബഡ്ജറ്റ് സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

25-ാം ഖണ്ഡം.—അതോറിറ്റിയുടെ അക്കൗണ്ടുകളുടെ ആഡിറ്റ് സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

26-ാം ഖണ്ഡം.—അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട് സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

27-ാം ഖണ്ഡം.—അതോറിറ്റി, റിപ്പോർട്ടുകൾ, റിട്ടേണുകൾ, മറ്റ് വിവരങ്ങൾ എന്നിവ സംസ്ഥാന സർക്കാരിന് നൽകുന്നതു സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

28-ാം ഖണ്ഡം.—ഈ ആക്റ്റിലെയോ ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

29-ാം ഖണ്ഡം.—കമ്പനികൾ ചെയ്യുന്ന ലംഘനങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

30-ാം ഖണ്ഡം.—പിഴ ഈടാക്കുമ്പോൾ അതോറിറ്റിയിൽ നിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

31-ാം ഖണ്ഡം.—ഈ ആക്റ്റിൻ കീഴിൽ ചുമത്തിയ ശിക്ഷകൾ മറ്റ് ബാദ്ധ്യതകളെ ബാധിക്കരുതെന്ന് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

32-ാം ഖണ്ഡം.—കുറ്റങ്ങൾ വിചാരണക്കെടുക്കുന്നത് സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

33-ാം ഖണ്ഡം.—ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ രാജിയാക്കുന്നതു സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

34-ാം ഖണ്ഡം.—ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്കുള്ള സംരക്ഷണം സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

35-ാം ഖണ്ഡം.—സമൻസും നോട്ടീസും ഉത്തരവും മറ്റു രേഖകളും നൽകേണ്ട രീതി സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

36-ാം ഖണ്ഡം.—പൊതു നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

37-ാം ഖണ്ഡം.—സമൻസുകൾ, നോട്ടീസുകൾ മുതലായവയ്ക്ക് ന്യായമായ സമയം നിശ്ചയിക്കേണ്ടതാണെന്ന് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

38-ാം ഖണ്ഡം.—അതോറിറ്റിയിലെ അംഗങ്ങളും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും പബ്ലിക് സെർവന്റായി കരുതപ്പെടേണ്ടതാണെന്ന് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

38-ാം ഖണ്ഡം.—അതോറിറ്റിക്ക്, റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരമൊഴികെയുള്ള, ഏത് അധികാരവും ഏല്പിച്ചു കൊടുക്കാവുന്നതാണെന്ന് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

40-ാം ഖണ്ഡം.—ഈ ആക്റ്റിലെയും ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് അർബൻ മൊബിലിറ്റി പ്രദേശത്തിനുള്ളിൽ പ്രഭാവമുണ്ടായിരിക്കുന്നതാണെന്ന് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

41-ാം ഖണ്ഡം.—മറ്റ് നിയമങ്ങളിലെയോ ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ ബൈലാകളിലെയോ വ്യവസ്ഥകൾ അർബൻ മൊബിലിറ്റി പ്രദേശത്ത് ബാധകമാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് അതോറിറ്റിക്ക് അപേക്ഷിക്കാമെന്ന് ഈ ഖണ്ഡം വ്യവസ്ഥചെയ്യുന്നു.

42-ാം ഖണ്ഡം.—വ്യവഹാരങ്ങളുടെ നോട്ടീസും കാലഹരണ കാലയളവും സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

43-ാം ഖണ്ഡം.—ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

44-ാം ഖണ്ഡം.—അതോറിറ്റിക്ക് റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

46-ാം ഖണ്ഡം.—നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം സംബന്ധിച്ച് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

47-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം അത്തരം വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മുഖേന ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.